

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2026 ജൂലൈ 01 – 15

Volume XX Issue 13

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# യു. എസ്. സുപ്രീം കോടതി പ്രസിഡന്റിന്റെ അധികാരം വിപുലപ്പെടുത്തി



**– പ്രസാദ് തീയാടിക്കൽ**

വാഷിംഗ്ടൺ: അമേരിക്കൻ സുപ്രീം കോടതി രാജ്യത്തിന്റെ ഭരണതിരഞ്ഞെടുപ്പ് സംവിധാനങ്ങളെ ബാധിക്കുന്ന രണ്ട് സുപ്രധാന വിധികൾ പ്രസ്താവിച്ചു.

ആദ്യ വിധിയിൽ, സ്വതന്ത്ര ഫെഡറൽ ഏജൻസികളുടെ മേധാവികളെ പ്രസിഡന്റിന് പദവിയിൽ നിന്ന് നീക്കാനുള്ള അധികാരം കൂടുതൽ വിപുലീകരിക്കുന്ന നിലപാടാണ് കോടതി സ്വീകരിച്ചത്. ഇതോടെ പ്രസിഡന്റിന് എക്സിക്യൂട്ടീവ് ശാഖയിലെ നിയന്ത്രണം കൂടുതൽ ശക്തിപ്പെടുമെന്ന് വിലയിരുത്തപ്പെടുന്നു.

മറ്റൊരു പ്രധാന വിധിയിൽ, നിശ്ചിത സമയപരിധിക്കകം തപാലിൽ അയച്ച മെയിൽ ഇൻ ബാലറ്റുകൾ വൈകി തിരഞ്ഞെടുപ്പ് അധികാരികൾക്ക് ലഭിച്ചാലും, സംസ്ഥാന നിയമം അനുവദിക്കുന്ന ഗ്രേസ് പീരിയഡിനുള്ളിൽ ലഭിക്കുന്നവ സാധുവായി എണ്ണാമെന്ന നിലപാടും കോടതി ശരിവച്ചു. ഈ തീരുമാനം തപാൽ വോട്ടെടുപ്പ് വ്യാപകമായി ഉപയോഗിക്കുന്ന സംസ്ഥാനങ്ങൾക്ക് നിർണായകമായതായി വിലയിരുത്തപ്പെടുന്നു.

ഈ രണ്ട് വിധികളും അമേരിക്കൻ പ്രസിഡന്റിന്റെ ഭരണാധികാരവും ഭാവിയിലെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും സംബന്ധിച്ച ചർച്ചകൾക്ക് പുതിയ വഴിത്തിരിവാകുമെന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

# ഗ്രീൻ കാർഡ് അപേക്ഷകൾ വീണ്ടും പരിഗണിക്കാൻ യു. എസ് കോടതി ഉത്തരവ



**– ഫാ. ജിനു തെക്കേത്തലക്കൽ**

വത്തിക്കാൻ സിറ്റി: നിർമ്മിത ബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ കുട്ടികൾ മുതിർന്നവരേക്കാൾ മൂന്നിരട്ടിയിലധികം വേഗത്തിൽ മുന്നേറുന്നതായി യുണിസെഫ് പുറത്തുവിട്ട പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു.

പത്ത് രാജ്യങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം ഏകദേശം രണ്ട് കോടി കുട്ടികൾ ഇപ്പോൾ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നുണ്ടെന്നാണ് പഠനം സൂചിപ്പിക്കുന്നത്. ഇതിൽ 1.3 കോടി കുട്ടികൾ പഠന ആവശ്യങ്ങൾക്കായി ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമ്പോൾ, ഏകദേശം 20 ലക്ഷത്തോളം കുട്ടികൾ, അതായത് പത്തിൽ ഒരാൾ എന്ന കണക്കിൽ, തങ്ങളെ അലട്ടുന്ന വ്യക്തിപരമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടാൻ ഈ സാങ്കേതിക വിദ്യയെ ആശ്രയിക്കുന്നതായും ഈ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

നിർമ്മിത ബുദ്ധിയുടെ നൂതന സാങ്കേതികവിദ്യ അതിവേഗം വ്യാപിക്കുമ്പോഴും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിയമസംവിധാനങ്ങൾ വേണ്ടത്ര വേഗതയിൽ മാറുന്നില്ല എന്നത് വലിയ ആശങ്കയുണ്ടാക്കുന്നു. കുട്ടികളുടെ മാനസിക നിലയെയും വികാസത്തെയും ഈ സാങ്കേതികവിദ്യ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് ഇപ്പോഴും വ്യക്തമായ തെളിവുകൾ ലഭ്യമല്ലാത്തതിനാൽ ഒരു വലിയ തലമുറ തന്നെ ഒരു ആഗോള പരീക്ഷണത്തിന് വിധേയമാവുകയാണെന്ന് യുണിസെഫ് മുന്നറിയിപ്പ് നൽകുന്നു. മൂന്നിലൊന്ന് കുട്ടികളും നിർമ്മിത ബുദ്ധി വഴി സംഭവിക്കാവുന്ന തട്ടിപ്പുകളെയും വ്യാജവാർത്താ പ്രചാരണത്തെയും ഭയപ്പെടുമ്പോൾ, തങ്ങളുടെ ദൃശ്യങ്ങൾ ഉപയോഗിച്ച് ലൈംഗിക ചുവയുള്ള ഡീപ്പ് ഫെയ്ക്കുകൾനിർമ്മിക്കപ്പെടുമോ എന്ന് നാലിലൊന്ന് കുട്ടികളും ആശങ്കപ്പെടുന്നുവെന്നും സംഘടന ചൂണ്ടിക്കാണിക്കുന്നു. പലസാങ്കേതിക സംവിധാനങ്ങളും കുട്ടികളുടെ സുരക്ഷയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെയാണ് നിലവിൽ ലഭ്യമാകുന്നത്.

## ആന്ത്രോപ്പിക്കിന് ഏർപ്പെടുത്തിയിരുന്ന കയറ്റുമതി വിലക്ക് ഭാഗികമായി നീക്കി



വാഷിംഗ്ടൺ: പ്രമുഖ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനിയായ ആന്ത്രോപ്പിക്കിന് ഏർപ്പെടുത്തിയിരുന്ന കയറ്റുമതി വിലക്ക് ട്രംപ് ഭരണകൂടം ഭാഗികമായി നീക്കി. സൈബർ ആക്രമണ ഭീഷണികൾ മുൻനിർത്തി രണ്ടാഴ്ച മുൻപാണ് കമ്പനിയുടെ അത്യാധുനിക മോഡലുകൾക്ക് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയത്.

പുതിയ ഉത്തരവോടെ കമ്പനിയുടെ മിഥോസ്5 എന്ന പ്രമുഖ എഐ മോഡൽ തിരഞ്ഞെടുക്കപ്പെട്ട നൂറിലധികം കമ്പനികൾക്കും സർക്കാർ ഏജൻസികൾക്കും ലഭ്യമാകും. എന്നാൽ കമ്പനിയുടെ ഫേബിൾ 5എന്ന മറ്റൊരു നൂതന മോഡലിന്റെ വിലക്ക് ഇപ്പോഴും തുടരുകയാണ്.

യുഎസ് എഐ വ്യവസായ മേഖലയിൽ ഈ നിയന്ത്രണങ്ങൾ വലിയ ആശങ്കയ്ക്ക് കാരണമായിരുന്നു. ചൈനീസ് എഐ സാങ്കേതികവി ദ്യ അതിവേഗം വളരുന്ന സാഹചര്യത്തിൽ, ഇത്തരം സർക്കാർ ഇടപെടലുകൾ അമേരിക്കൻ കമ്പനികളുടെ ആഗോള മേധാവിത്വത്തെ ബാധിക്കുമെന്നാണ് വിലയിരുത്തൽ. സമാനമായ സൈബർ സുരക്ഷാ ആശങ്കകളെത്തുടർന്ന് ഓപ്പൺ എഐയും തങ്ങളുടെ പുതിയ ജി.പി.ടി–5.6 മോഡലിന്റെ റിലീസ് പരിമിതപ്പെടുത്തിയിട്ടുണ്ട്.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

www.timesofamericanmalayali.com

ഈ ലക്കത്തിൽ

കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം

ജോർജ് തഴക്കര



സാഹിത്യം സംസ്കാരം തുടങ്ങിയ
പതിവു പംക്തികൾ

# ഐ.പി.സി എൻ.ആർ.ഐ ഗ്ലോബൽ കോൺഫറൻസ് ജൂലൈ 24 മുതൽ

**– ജോയി തുമ്പമൺ**

അമേരിക്കയുടെ 250ാം വാർഷികാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ, രാജ്യത്തിന്റെ പ്രഥമ തലസ്ഥാനവും സഹോദര സ്നേഹത്തിന്റെ നഗരംഎന്നറിയപ്പെടുന്ന ഫിലഡൽഫിയായിൽ ഐ.പി.സി. വിശ്വാസികളുടെ ആഗോള സംഗമമായ IPC NRI Global Conference 2026 ജൂലൈ 24 മുതൽ 26 വരെ വിപുലമായ ഒരുക്കങ്ങളോടെ നടക്കും. നോർത്ത് ഈസ്റ്റ് ഫിലഡൽഫിയയിലെ Four Points by Sheraton Hotelലാണ് സമ്മേളനം നടക്കുന്നത്.

ജൂലൈ 24 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ശുശ്രൂഷകന്മാരുടെ സമ്മേളനത്തോടെയാണ് പരിപാടികൾക്ക് തുടക്കമാകുന്നത്. തുടർന്ന് റിവൈവൽ മീറ്റിംഗും വിവിധ ആത്മീയ ശുശ്രൂഷകളും നടക്കും. ശനിയാഴ്ച യുവജനങ്ങൾക്കും സഹോദരിമാർക്കും പ്രത്യേകം സമ്മേളനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

വെള്ളി, ശനി ദിവസങ്ങളിലെ രാത്രി പൊതുസമ്മേളനങ്ങളിൽ പ്രമുഖ വചനശുശ്രൂഷകരായ റവ. നൂറുദ്ദീൻ മുല്ല, റവ. ക്രിസ് ജാക്സൺ എന്നിവർ ദൈവവചനം പ്രസംഗിക്കും. ഞായറാഴ്ച വിശുദ്ധ ആരാധനയോടും സമാപന സമ്മേളനത്തോടും കൂടി കോൺഫറൻസ് സമാപിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

കോൺഫറൻസിനുശേഷം, ജൂലൈ 26 ഞായറാഴ്ച ഉച്ച കഴിഞ്ഞ് ലാങ്കാസ്റ്ററിലെ അമീഷ് സമൂഹത്തിന്റെ ജീവിതശൈലിയും പാരമ്പര്യവും പരിചയപ്പെടുത്തുന്ന പ്രത്യേക Amish Village Tour സംഘടിപ്പിച്ചിട്ടുണ്ട്. ടൂറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 5169787308 (ലേഹ:5169787308)

സമ്മേളനത്തിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് റവ.ഡോ.വൽസൻ ഏബ്രഹാം, ജനറൽ സെക്രട്ടറി റവ.ഡോ.ബേബി വർഗീസ്, റവ.നൂറുദ്ദീൻ മുല്ല, റവ.ക്രിസ് ജാക്സൺ, റവ.സ്റ്റീവ് ജോൺ, അലക്സ് പീറ്റേഴ്സ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. പ്രസിദ്ധ ഗായകരായ മാർക്ക് ത്രിഭുവൻ, രമ്യ ജേക്കബ് എന്നിവരും സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

സമ്മേളനത്തിന്റെ ഗ്ലോബൽ കൺവീനറായി ഡോ.ജോർജ് മാത്യു, ഗ്ലോബൽ സെക്രട്ടറിയായി ഡോ. അഡ്വ.തോമസ് കിടങ്ങാലി, ഗ്ലോബൽ ട്രഷററായി എബ്രഹാം ബേബി, യൂത്ത് കോർഡിനേറ്ററായി അലക്സ് ചാണ്ടി, ഗ്ലോബൽ ലേഡീസ് കോർഡിനേറ്ററായി ഷേർലി ചാക്കോ, മീഡിയ കോർഡിനേറ്ററായി ജോയി തുമ്പമൺ, പബ്ലിസിറ്റി കോർഡിനേറ്ററായി പാസ്റ്റർ മാത്തുക്കുട്ടി, സോഷ്യൽ മീഡിയ കോർഡിനേറ്ററായി റോയി അലക്സാണ്ടർ, പ്രാർത്ഥനാ കോർഡിനേറ്ററായി പാസ്റ്റർ ജോയി വർഗീസ് എന്നിവർ പ്രവർത്തിച്ചുവരുന്നു.

ആത്മീയ അനുഗ്രഹങ്ങൾക്കൊപ്പം മികച്ച താമസസൗകര്യങ്ങളും രുചികരമായ ഭക്ഷണ ക്രമീകരണങ്ങളും സമ്മേളനത്തിനായി ഒരുക്കിയിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു. പാസ്റ്റർ വർഗീസ് ജോൺ, പാസ്റ്റർ ജോൺ സാമുവൽ, ബ്രദർ വർഗീസ് പ്ലാമൂട്ടിൽ, ബ്രദർ ചെറിയാൻ മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ലോക്കൽ കമ്മിറ്റി സമ്മേളന വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

## ആദ്യഫല ശേഖരണവും മാർത്തോമ ശ്ലീഹയുടെ ദുക്റോനോ പെരുന്നാളും ജൂലൈ 5 വരെ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ 2026 ആദ്യഫല ശേഖരണവും മാർത്തോമ ശ്ലീഹയുടെ ദുക്റോനോ പെരുന്നാളും ജൂലൈ 5 വരെ നടക്കും.

ജൂലൈ 3 മാർത്തോമ ശ്ലീഹയുടെ ദുക്റോനോവെള്ളിയാഴ്ച വൈകിട്ട് 6.00ന് സന്ധ്യ നമസ്കാരത്തോടെ പെരുന്നാൾ ആഘോഷങ്ങൾക്ക് തുടക്കമാകും.

ജൂലൈ 4 കുടുംബസംഗമവും ബസാറും ശനിയാഴ്ച രാവിലെ 9.00 മുതൽ വാർഷിക ബസാർ, എം.എം.വി.എസ്, സൺഡേ സ്കൂൾ, എം.ജി.ഒ.സി.എസ്.എം. ഒ.സി.വൈ.എം, ഫോക്കസ്, പ്രയർ ഗ്രൂപ്പ്, തുടങ്ങി വിവിധ ആത്മീയ സംഘടനകൾ ഒരുക്കുന്ന വിവിധ പരിപാടികൾ, പ്രഭാതഭക്ഷണം, കുട്ടികളുടെ വിനോദപരിപാടികൾ, ഫുഡ് സ്റ്റാളുകൾ, ▶4

# ഫോമാ ഇന്റർനാഷണൽ കൺവെൻഷൻ; പ്രാദേശിക കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി




**– ജീമോൻ റാന്നി**

ഫോമാ അന്താരാഷ്ട്ര കൺവെൻഷന് ആഴ്ചകൾ മാത്രം ബാക്കി നിൽക്കെ, സംഘടനയ്ക്ക് ജന്മം നൽകിയ ഹൂസ്റ്റണിൽ നടക്കുന്ന ഈ മഹാസമ്മേളനം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സതേൺ റീജിയൻ പ്രവർത്തകർ ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചു.

കൺവെൻഷനിൽ പങ്കെടുക്കുന്നതിനായി ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമ്മേളനം നടക്കുന്ന ഹോട്ടലിലെ ഭൂരിഭാഗം മുറികളും ബുക്ക് ചെയ്യപ്പെട്ടതായും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും ആവേശകരമായ രജിസ്ട്രേഷൻ തുടരുകയാണെന്നും സംഘാടകർ അറിയിച്ചു.

ജൂൺ 23ന് അപ്ന ബസാറിൽ ചേർന്ന സതേൺ റീജിയൻപ്രവർത്തകയോഗത്തിൽ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ റീജിയണൽ ചെയർമാൻ വർഗീസ് രാജേഷ് മാത്യു സ്വാഗതം പറഞ്ഞു.

ജൂലൈ 30, 31 ആഗസ്റ്റ് 1, 2 തീയതികളിൽവിൻധം ഹൂസ്റ്റണിലാണ് ഫാമിലി കൺവൻഷൻ നടക്കുന്നത്.

ഹൂസ്റ്റൺ കൺവെൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, ഫോമായുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ കൺവെൻഷനുകളിലൊന്നായി ഈ സമ്മേളനത്തെ മാറ്റുന്നതിനായി എല്ലാവരും ആത്മാർഥമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു.

കൺവെൻഷൻ ചെയർമാൻ സുബിൻ കുമാരൻ ഒരുക്കങ്ങളുടെയും പ്രവർത്തനങ്ങളുടെയും പുരോഗതി വിശദീകരിച്ചു. കൺവെൻഷൻ സ്പെഷ്യൽ സപ്ലിമെന്റിന്റെ പ്രസിദ്ധീകരണത്തിലേക്കു ഏവരുടെയും പിന്തുണ മീഡിയ ചെയർ സൈമൺ വളാച്ചേരി അഭ്യർത്ഥിച്ചു.

യോഗത്തിൽ സതേൺ റീജിയനെ പ്രതിനിധീകരിച്ച് വിവിധ കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുത്തു.

രാജൻ പത്തനാപുരം (സെക്യൂരിറ്റി കമ്മിറ്റി), ജീമോൻ റാന്നി (ഓൺലൈൻ മീഡിയ കമ്മിറ്റി) പൊടിയമ്മ പിള്ള (ഉദ്ഘാടന ഘോഷയാത്ര കമ്മിറ്റി), ജോയ് എൻ.സാമുവൽ (സ്വീകരണ അതിഥി സത്കാര കമ്മിറ്റി), ജാൺ ഉമ്മൻ (ബിസിനസ് മീറ്റ് കമ്മിറ്റി), എം.ജി.മാത്യു (വിഐപി സ്വീകരണ കമ്മിറ്റി ചെയർപേഴ്സൺ) എന്നിവരെ നോമിനേറ്റ് ചെയ്തു.

ഫോമാ ദേശീയ റീജിയൻ നേതാക്കളായ തോമസ് ഒലിയാംകുന്നേൽ, ജോയ്. എൻ.ശാമുവേൽ, എസ് .കെ. ചെറിയാൻ, ഷാജി എഡ്വേർഡ്, മിഖായേൽ ജോയ്, തോമസ് ജോർജ്, ക്രിസ്റ്റഫർ ജോർജ്, മെർലിൻ സാജൻ, സാജൻ ജോൺ, ആൻസി ശാമുവേൽ, ശശി പിള്ള, ഡെന്നിസ് മാത്യു, സുരേഷ് രാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# ഡോ.സതീഷ് കതുല ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ് ചെയർമാൻ




ന്യൂയോർക്ക്: ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ (ഐഎപിസി) ഡയറക്ടർ ബോർഡ് ചെയർമാനായി പ്രമുഖ ഡോക്ടറും എഴുത്തുകാരനും അധ്യാപകനും സാമൂഹിക പ്രവർത്തകനുമായ ഡോ. സതീഷ് കതുലയെ നിയമിച്ചു. ന്യൂയോർക്കിലെ എൽമോണ്ടിലുള്ള കേരള സെന്ററിന്റെ നവീകരിച്ച ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പുതിയ നേതൃത്വസംഘം സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ആളുകൾ സോഷ്യൽ മീഡിയയിലൂടെ തത്സമയം വീക്ഷിച്ച ചടങ്ങിൽ ന്യൂയോർക്ക് ട്രൈസ്റ്റേറ്റ് മേഖലയിലെ നൂറിലധികം സാമൂഹ്യ സാംസ്കാരിക, ബിസിനസ്, മാധ്യമ രംഗങ്ങളിലെ പ്രമുഖർ പങ്കെടുത്തു. ചടങ്ങിൽ വിവിധ മേഖലകളിൽ ശ്രദ്ധേയ സേവനം അനുഷ്ഠിച്ച ഏഴ് പ്രമുഖരെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുകൾ നൽകി ആദരിച്ചു.

ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റിലെ പ്രസ് ആൻഡ് ഇൻഫർമേഷൻ കോൺസൽ പിയൂസ് സിംഗ് അവാർഡുകൾ വിതരണം ചെയ്തു. അമേരിക്കയിലെ ഇന്ത്യൻ പ്രവാസികളുടെ നേട്ടങ്ങൾ ലോകത്തിന് മാതൃകയാണെന്നും വിവിധ മേഖലകളിൽ അവർ മികവിന്റെ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സ്വീകരണ പ്രസംഗത്തിൽ ഡോ. സതീഷ് കതുല, ബാല്യകാലത്ത് പത്രങ്ങളും റേഡിയോയും തനിക്ക് ലോകത്തിലേക്കുള്ള ജാലകമായിരുന്നുവെന്ന് അനുസ്മരിച്ചു. തെറ്റായ വിവരങ്ങളും രാഷ്ട്രീയ ധ്രുവീകരണവും നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ സത്യം സംരക്ഷിക്കുന്നതിൽ മാധ്യമപ്രവർത്തകർക്കുള്ള ഉത്തരവാദിത്തം വലുതാണെന്ന് അദ്ദേഹം പറഞ്ഞു.

പത്രപ്രവർത്തനം വെറും വാർത്ത റിപ്പോർട്ട് ചെയ്യൽ മാത്രമല്ല; അത് സമൂഹത്തോടുള്ള ഉത്തരവാദിത്തവും സ്വാധീനവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സാംസ്കാരിക നയതന്ത്ര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്ക് നിർണായക പങ്കുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ (ഐഎപിസി) ചെയർമാനായി ചുമതലയേറ്റ ഡോ. സതീഷ് കതുല, സംഘടനയുടെ ഡിജിറ്റൽ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും റിപ്പോർട്ടിംഗിലെ ധാർമിക മാനദണ്ഡങ്ങൾ ഉയർത്തുന്നതിനും ആരോഗ്യശാസ്ത്ര ▶

## സി. ജസ്റ്റിന മാത്യു എൻക്യാപ്പ് ലെവൽ 6 അംഗീകാരം നേടിയ ആദ്യ നേഴ്സ്

**- ലാലി ജോസഫ്**



ഡാളസ്: സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ഷാംബെരി സന്യാസിനി സമൂഹത്തിലെ നാഗ്പൂർ പ്രോവിൻസിലെ അംഗമായ സിസ്റ്റർ ജസ്റ്റിന മാത്യു സി.എസ്.ജെ. സേവന മികവിന്റെ പരമോന്നത അംഗീകാരമായ എൻക്യാപ്പ് 2026 (നേഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം) ലെവൽ 6 നേടുന്ന ആദ്യ നഴ്സ് ആയി.

ഇന്ത്യൻ സന്യാസിനിയുടെ അഭിമാന നേട്ടം, വിശ്വാസത്തിനും കരുണാപൂർണമായ സേവനത്തിനും നേഴ്സിംങ്ങ് മികവിനും സമർപ്പിതമായ ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. 2007ൽ നഴ്സിംഗ് സേവനം ആരംഭിച്ചതു മുതൽ അമ്മമാരുടേയും നവജാത ശിശുക്കളുടേയും കുടുംബങ്ങളുടേയും സമഗ്ര പരിചരണത്തിനായി അവർ ആത്മാർത്ഥമായി പ്രവർത്തിച്ചു വരുന്നു. നേഴ്സിംഗ് രംഗത്തെ തുടർച്ചയായ പഠനത്തിനും പ്രൊഫഷണൽ മികവിനും പ്രാധാന്യം നൽകിയ സിസ്റ്റർ ജസ്റ്റിന മാത്യു 2026 ൽ മാസ്റ്റർ ഓഫ് സയൻസ് ഇൻ നേഴ് സിംഗ് ബിരുദവും പീഡിയാട്രിക്ക് നേഴ്സ് പ്രാക്ടീഷണർ യോഗ്യതയും നേടി. കൂടാതെ മെറ്റേർണൽ ന്യൂബോൺ നേഴ്സിംങ്ങ് സർട്ടിഫിക്കേഷനും, ലാക്റ്റേഷൻ കൺസൾട്ടന്റ് സർട്ടിഫിക്കേഷനും കരസ്ഥമാക്കിയിട്ടുണ്ട്

എൻ ക്യാപ്പ് കമ്മറ്റി സഹാധ്യക്ഷയായി സേവനമനുഷ്ഠിക്കുന്ന സിസ്റ്റർ ജസ്റ്റിന തന്റെ ജീവിത യാത്ര മറ്റുള്ളവർക്ക് പ്രചോദനമാകട്ടെ എന്ന് പ്രത്യാശിക്കുന്നു. നിരന്തര പരിശ്രമവും ആത്മവിശ്വാസവും ഉണ്ടെങ്കിൽ ഏതു ലക്ഷ്യവും കൈവരിക്കാനാകുമെന്ന് അവർ വിശ്വസിക്കുന്നു. തനിക്ക് ഇത് സാധിക്കുമെങ്കിൽ നിങ്ങൾക്കും സാധിക്കും എന്ന സന്ദേശമാണ് സിസ്റ്റർ സഹപ്രവർത്തകർക്കും യുവ നഴ്സുമാർക്കും നൽകുന്നത്.

സഹപ്രവർത്തകരായ നഴ്സുമാരെ പ്രൊഫഷണൽ സർട്ടിഫിക്കേഷനുകളിലേക്കും തൊഴിൽ മികവിലേക്കും പ്രചോദിപ്പിക്കുകയും മാർഗനിർദേശം നൽകുകയും ചെയ്യുന്നു. തന്റെ നേട്ടങ്ങൾ ദൈവകൃപക്കും സഭക്കും സഹപ്രവർത്തകർക്കും സമർപ്പിക്കുന്നതായി പ്രതികരണത്തിൽ പറഞ്ഞു.

## ഓൾ അമേരിക്ക വടംവലി മത്സരം സീസൺ 3 ആവേശോജ്ജ്വലമായി



**- അനശ്വരം മാമ്പിള്ളി**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിച്ച വടംവലി സീസൺ 3 മത്സരത്തിൽ ന്യൂയോർക്ക് കിങ്സ്, ഹൂസ്റ്റൺ ബ്രദേർസ് ഓറഞ്ചിനെ തോല്പിച്ച് വിജയികളായി. കഴിഞ്ഞ രണ്ടു വർഷങ്ങളിലും ന്യൂയോർക്ക് കിങ്സ് തന്നെയായിരുന്നു ജേതാക്കൾ. റോസ് ഹിൽ സീറോ മലബാർ ചർച്ച് മൈതാനിയിൽ പ്രത്യേകം ക്രമീകരിച്ച പന്തലിൽ നടന്ന മത്സരത്തിൽ പത്ത് ടീമുകളാണ് പങ്കെടുത്തത്.ഹൂസ്റ്റൺ ബ്രദേർസ് ബ്ലൂ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ചിക്കാഗോ അരീകര അച്ചായൻസ് നാലാം സ്ഥാനവും നേടി. വാശിയേറിയ മത്സരങ്ങൾ വീക്ഷിക്കാൻ കുടുംബ സമേതം ജനങ്ങൾ എത്തിയിരുന്നു. വിജയികൾക്ക് ഒന്നാം സമ്മാനം ട്രോഫിയും 5000 ഡോളർ ക്യാഷ് അവാർഡ്, രണ്ടാം സമ്മാനം ട്രോഫിയും 3000 ഡോളർ ക്യാഷ് അവാർഡ്, മൂന്നാം സമ്മാനം ട്രോഫിയും 2000 ഡോളർ ക്യാഷ് അവാർഡ്, നാലാം സമ്മാനം ട്രോഫിയും 1000 ഡോളർ ക്യാഷ് അവാർഡ് എന്നിങ്ങനെയായിരുന്നു. ചാക്കോച്ചൻ, ജിനു കുടിലിൽ എന്നിവരാണ് മത്സരത്തെ നിയന്ത്രിച്ചിരുന്നത്.

ചടങ്ങിൽ മലയാള മനോരമ സ്പോർട്സ് ലേഖകൻ ശരത് മുഖ്യാതിഥിയായിരുന്നു. കേരള അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡന്റ് ഷിജു എബ്രഹാം, ഐ.സി.ഇ.സി പ്രസിഡന്റ് മാത്യു നൈനാനും എന്നിവർ മത്സരം ഉദ്ഘാടനം ചെയ്തു. വിനോദ് ജോർജ് (സ്പോർട്സ് ഡയറക്ടർ), മഞ്ജിത് കൈനിക്കര (സെക്രട്ടറി), ദീപക് നായർ (മെമ്പർഷിപ് ഡയറക്ടർ), ജിജി പി. സ്കറിയ (ആർട്സ് ഡയറക്ടർ), ഷിബു ജോൺ (ലൈബ്രറി ഡയറക്ടർ), സിജു കൈനിക്കര (ട്രഷറർ), ടെസ്സി മാത്യു (സോഷ്യൽ സർവീസ് ഡയറക്ടർ ), പ്രദീപ് കൊടുവത് ജോയിന്റ് ട്രഷറർ), ഫ്രാൻസിസ് തോട്ടത്തിൽ ഡയറക്ടർ ബോർഡ് അംഗം) തുടങ്ങിയവർ പരിപാടിയുടെ മുഖ്യ ചുമതലകൾ വഹിച്ചു.

തോമസ് വടക്കേമുറി, മാത്യു ഒഴുകയിൽ, അജു മാത്യു, സിബി തോമസ്, റെജി മുക്കാലടി, ബേബി ഒഴുകയിൽ, സാബു മുക്കാലടി തുടങ്ങി നിരവധി സന്നദ്ധപ്രവർത്തകർ പരിപാടിയ്ക്ക് നേതൃത്വം വഹിച്ചു.

വിജയികൾക്കുള്ള സമ്മാനദാനം കേരള അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡന്റ് ഷിജു എബ്രഹാം, ഐ.സി.ഇ.സി പ്രസിഡന്റ് മാത്യു നൈനാനും കൂടി നിർവ്വഹിച്ചു. പി.പി ചെറിയാൻ (ഡി മലയാളി, ചീഫ് എഡിറ്റർ), പി.സി.മാത്യു (ഗാർലൻഡ് സിറ്റി അഡ്വൈസറി ബോർഡ്), മാർഗ്രേട് ലോക്ക് (ഗാർലൻഡ് സിറ്റി കൗൺസിൽ മെമ്പർ), ജിമ്മി ട്രാൻ (ബോർഡ് മെമ്പർ ഓഫ് ടാസ് ഇൻക്രെമെന്റ് ഫിനാൻസ്), ഷിബു സാമുവൽ തുടങ്ങിയവരും; കോശി പണിക്കർ, ചെറിയാൻ ചൂരനാട്, ജോസഫ് ചാണ്ടി, പി. റ്റി സെബാസ്റ്റ്യൻ, ബോബൻ കൊടുവത് തുടങ്ങി മുൻകാല ഭാരവാഹികളും പങ്കെടുത്തു.

## ഫൊക്കാന യൂത്ത് ഫെസ്റ്റിവൽ ഓഗസ്റ്റ് 7ന്; ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക വേദി

**- ശ്രീകുമാർ ഉണ്ണിത്താൻ**

പെൻസിൽവാനിയ: ഫൊക്കാന ഇന്റർനാഷണൽ കൺവെൻഷൻ 2026ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യൂത്ത് ഫെസ്റ്റിവൽ ഓഗസ്റ്റ് 7ന് കൽഹാരി റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കും. ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന കൺവെൻഷനിലെ പ്രധാന ആകർഷണങ്ങളിലൊന്നായ യൂത്ത് ഫെസ്റ്റിവലിൽ .

അമേരിക്കയിലെ വിവിധ മലയാളി സംഘടനകളിൽ നിന്നുള്ള കുട്ടികളും യുവജനങ്ങളും പങ്കെടുക്കും.

എലക്യൂഷൻ (പ്രസംഗം), ലൈറ്റ് മ്യൂസിക്, ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ് എന്നീ മത്സരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസംഗ മത്സരം മൂന്ന് മിനിറ്റ് ദൈർഘ്യമുള്ളതായിരിക്കും. മത്സരത്തിന്റെ വിഷയങ്ങൾ കൺവെൻഷന് രണ്ട് ആഴ്ച മുമ്പ് പ്രഖ്യാപിക്കുമെന്ന് സംഘാടകർ അറിയിച്ചു. 6 മുതൽ 11 വയസ്സ് വരെയും 12 മുതൽ 18 വയസ്സ് വരെയും പ്രായപരിധിയുള്ള രണ്ട് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ലൈറ്റ് മ്യൂസിക് മത്സരത്തിനും മൂന്ന് മിനിറ്റ് സമയപരിധിയാണുള്ളത്. ക്ലാസിക്കൽ നൃത്തത്തിന് നാല് മിനിറ്റും സിനിമാറ്റിക് ഡാൻസിന് മൂന്ന് മിനിറ്റുമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ, ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും അവരുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനായി പ്രത്യേക വേദി ഒരുക്കിയിട്ടുണ്ടെന്നും അഡിഷണൽ ജോയിന്റ് ട്രഷറും യൂത്ത് ഫെസ്റ്റിവലിന്റെ ചെയർപേഴ്സണും ആയ മില്ലി ഫിലിപ്പ്, കോഓർഡിനേറ്റർ സുഷമ പ്രവീൺ, കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന പ്രിയ ലൂയിസ്, ലിസ ബാബു, സന്തോഷ് എബ്രഹാം, സോണി അമ്പൂക്കൻ, സുബി ബാബു, ഉഷ ജോർജ്, സരൂപ അനിൽ, മേരിക്കുട്ടി മൈക്കിൾ. മേരി ഫിലിപ്പ് എന്നിവർ അറിയിച്ചു.

താഴെ കാണുന്ന ലിങ്കിൽ കൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്.
https://forms.gle/ZzUDPQAXHVyGrND66

## ഡോ. സതീഷ് കതുല ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ് ചെയർമാൻ

പത്രപ്രവർത്തനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകുമെന്ന് പ്രഖ്യാപിച്ചു.

സ്ഥാപക ചെയർമാനും ബോർഡ് സെക്രട്ടറിയുമായ ജിൻസ്മോൻ സക്കറിയ തങ്ങളുടെ നേതൃത്വപരിചയവും ആഗോള മാധ്യമ ശൃംഖലകളുമായുള്ള ബന്ധവും ഐഎപിസിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്ന് പ്രസ്താവിച്ചു. ചടങ്ങിൽ സംസാരിച്ച മുൻ ചെയർമാൻ കമലേഷ് മേത്ത, ഐഎപിസി ഒരു സംഘടന മാത്രമല്ല, സത്യത്തിനും പ്രാതിനിധ്യത്തിനും വേണ്ടിയുള്ള ഒരു പ്രസ്ഥാനമാണ്എന്ന് അഭിപ്രായപ്പെട്ടു.

ഐഎപിസി സ്ഥാപക പ്രസിഡന്റ് അജയ് ഘോഷ്, മാധ്യമപ്രവർത്തനം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന ദൗത്യമാണെന്ന് ചൂണ്ടിക്കാട്ടി. ചടങ്ങിൽ വൈസ് ചെയർമാൻ ഡോ. മാത്യു ജോയിസ് എഡിറ്റ് ചെയ്ത ഐഎപിസി ക്രോണിക്കിൾസ്പ്രകാശനം ചെയ്തു.

2026 ഒക്ടോബർ 23 മുതൽ 25 വരെ ഒഹായോയിലെ സിൻസിനാറ്റിയിൽ നടക്കുന്ന ഐഎപിസിയുടെ അടുത്ത അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ കിക്ക് ഓഫ്, ഡോ. കതുല ഔദ്യോഗികമായി പ്രഖ്യാപിച്ചു. സമ്മേളനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോർഡ് അംഗം ഷാൻ ജസ്റ്റസ് വിശദീകരിക്കുകയും സംഘാടകർക്കുവേണ്ടി നന്ദി അറിയിക്കുകയും ചെയ്തു.

ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ (ഐഎപിസി) നേതൃത്വ സ്ഥാനാരോഹണവും അവാർഡ് ദാന ചടങ്ങും വിവിധ മേഖലകളിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ ഏഴ് ഇന്ത്യൻ അമേരിക്കൻ നേതാക്കളെ ആദരിക്കുന്ന വേദിയായി.

പരിപാടിയുടെ എംസിയും സംഘാടകയുമായൂരുന്ന പദ്രീഷ്യ ഉമാ ശങ്കർ ആരോഗ്യരംഗം, മാധ്യമരംഗം, വിദ്യാഭ്യാസം, സാമൂഹിക സേവനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ ഏഴ് ഇന്ത്യൻ അമേരിക്കൻ നേതാക്കളെ പരിചയപ്പെടുത്തുകയും, ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

സമൂഹസേവന രംഗത്തെ പ്രവർത്തനങ്ങൾക്ക് ഡോ.ജഗദീഷ് ഗുപ്ത, പൊതുജനാരോഗ്യ രംഗത്തെ നേതൃത്വത്തിന് ഡോ. ഇന്ദർപാൽ ഛബ്ര, വിദ്യാഭ്യാസപൗര ഇടപെടൽ മേഖലകളിലെ സംഭാവനകൾക്ക് ഡോ. വിനോദ് സഞ്ചേതി, സാമൂഹിക നീതി ന്യായ നടത്തിപ്പിൽ ആജീവനാന്ത സേവനത്തിന് സുധ ആചാര്യ, സാമ്പത്തികമാധ്യമ രംഗത്തെ മികവിന് യാക്കൂബ് മാത്യു, സംരംഭകത്വത്തിനും മനുഷ്യസ്നേഹ പ്രവർത്തനങ്ങൾക്കും അലക്സ് എസ്തപ്പാൻ, മാനസികാരോഗ്യവയോജന പരിചരണ രംഗത്തെ സംഭാവനകൾക്ക് ഡോ. വസുന്ധര കലാസപുടി എന്നിവരാണ് പുരസ്കാര ജേതാക്കൾ.

ഡോ.കൃഷൻ കുമാർ, ഡോ.ശശി ഷാ, ആൻഡി ഭാട്ടിയ തുടങ്ങിയ സാമൂഹ്യ സാംസ്കാരിക നേതാക്കൾ, പുതിയ ഭാരവാഹികളെയും പുരസ്കാര ജേതാക്കളെയും അഭിനന്ദിച്ചു. വടക്കേ അമേരിക്കയിലുടനീളമുള്ള മാധ്യമ പ്രവർത്തകരെ ഏകോപിപ്പിക്കുന്നതിൽ ഐഎപിസി വഹിക്കുന്ന പങ്ക് അവർ പ്രശംസിച്ചു.

ഡിജിറ്റൽ മാധ്യമങ്ങളുടെ വളർച്ച, തെറ്റായ വിവരങ്ങളുടെ വെല്ലുവിളി, പ്രവാസി മാധ്യമങ്ങളുടെ ഭാവി തുടങ്ങിയ വിഷയങ്ങൾ ചടങ്ങിൽ ചർച്ചയായി. സംസ്കാരങ്ങളെ ബന്ധിപ്പിക്കുന്നതിലും സമൂഹത്തിന്റെ ശബ്ദം ഉയർത്തിക്കാട്ടുന്നതിലും ഇൻഡോഅമേരിക്കൻ മാധ്യമപ്രവർത്തകർ വഹിക്കുന്ന നിർണായക പങ്ക് പ്രഭാഷകർ എടുത്തുപറഞ്ഞു.

2013ൽ സ്ഥാപിതമായ ഐഎപിസി ഇന്ന് അമേരിക്കയിലും കാനഡയിലുമായി 15 ചാപ്റ്ററുകളുള്ള മാധ്യമപ്രവർത്തകരുടെയും മാധ്യമ വിദഗ്ധരുടെയും ശക്തമായ ശൃംഖലയായി വളർന്നിട്ടുണ്ട്. പുതിയ ചെയർമാൻ ഡോ.സതീഷ് കതുലയുടെ നേതൃത്വത്തിൽ പ്രൊഫഷണൽ വികസന പരിശീലനങ്ങൾ, യുവജന മെന്റർഷിപ്പ് പദ്ധതികൾ, ദേശീയ മാധ്യമ സമ്മേളനങ്ങൾ, ഇന്ത്യ അമേരിക്ക മാധ്യമ സഹകരണങ്ങൾ, ആഗോള പത്രസ്വാതന്ത്ര്യ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ വിപുലീകരിക്കുമെന്ന് സംഘടന അറിയിച്ചു.

www.indoamericanpressclub.com

## 2026

1 July - **National U.S. Postage Stamp Day**

National U.S. Postage Stamp Day is celebrated on 1st July every year to commemorate the existence of Postage Stamps that is used for sending letters and to appreciate the extraordinary works of all the Philatelists.

# കെ.എച്ച്.എൻ.എ സൗത്ത് ഈസ്റ്റ് റീജിയൺ ടീം നിലവിൽവന്നു



ഫ്‌ലോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ കെ.എച്ച്.എൻ.എ സൗത്ത്ഈസ്റ്റ് റീജിയണിലെ പുതിയ നേതൃനിര പ്രഖ്യാപിച്ചു. ജോർജിയ, അലബാമ, മിസിസിപ്പി എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന റീജിയണിൽ ഷാജീവ് പത്മനിവാസിന്റെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

സൗത്ത് ഈസ്റ്റ് റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ ഷാജീവ് പത്മ നിവാസിനോടൊപ്പം റീജിയണൽ വൈസ് ചെയറായി രാജീവ് കുമാർ പദ്മകുമാർ പ്രവർത്തിക്കും. റീജിയണിലെ കെ.എച്ച്.എൻ.എ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കുകയും പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതായിരിക്കും ഇരുവരുടെയും പ്രധാന ചുമതല.

റീജിയണൽ സെക്രട്ടറിയായി രാഖി രാജീവിനെയും വനിതാ ഫോറം ചെയറായി ഡോ. അർച്ചന നായരെയും നിയമിച്ചു. യൂത്ത് ആൻഡ് യുവ പ്രതിനിധിയായി സന നായരും ടീമിൽ ഉൾപ്പെടുന്നു. വനിതകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം വർധിപ്പിച്ച് സംഘടനാ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമനങ്ങൾ.

റീജിയണിലെ പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനായി വിവിധ മേഖലകളിൽ പ്രത്യേക ചെയർമാരെയും പ്രഖ്യാപിച്ചിട്ടുണ്ട്. സംഗീത ചന്ദ്രൻ സ്പിരിചൽ ചെയറായും രാകേഷ് രാമനാഥൻ സ്പോർട്സ് ചെയറായും റിക്കി പറമ്പത്ത് ഇക്കണോമിക്സ് ഫോറം ചെയറായും പ്രവർത്തിക്കും. ആത്മീയം, കായികം, സാമ്പത്തിക ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ സമൂഹത്തെ കൂടുതൽ ശാക്തീകരിക്കുകയാണ് ഈ ചുമതലകളുടെ ലക്ഷ്യം.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ്കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻപിള്ള, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ എന്നിവർ പുതിയ സൗത്ത് ഈസ്റ്റ് റീജിയൺ ടീമിന് ആശംസകളും പൂർണ പിന്തുണയും അറിയിച്ചു.

ജോർജിയ, അലബാമ, മിസിസിപ്പി സംസ്ഥാനങ്ങളിലെ മലയാളി ഹിന്ദു സമൂഹത്തെ കൂടുതൽ ശക്തമായി ഏകോപിപ്പിക്കാനും സാംസ്കാരിക, ആത്മീയ, സാമൂഹിക പ്രവർത്തനങ്ങൾ വിപുലീകരിക്കാനും പുതിയ നേതൃത്വത്തിന് സാധിക്കുമെന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു.

## ആദ്യഫല ശേഖരണവും മാർത്തോമ ശ്ലീഹയുടെ ദുക്റോനോ പെരുന്നാളും ജൂലൈ 5 വരെ

വ്യാപാര സ്റ്റാളുകൾ എന്നിവ ഈ വർഷത്തെ കുടുംബ സംഗമത്തിന്റെ പ്രത്യേകത ആയിരിക്കും. വൈകിട്ട് 6.00ന് സന്ധ്യ നമസ്കാരം, ഹൂസ്റ്റൺ വൈദീക സംഘത്തിന്റെ ഗാനശുശ്രൂഷ, പ്രഭാഷണം, റാസ, ലഘുഭക്ഷണം എന്നിവയോടെ ആഘോഷങ്ങൾ സമാപിക്കും.

ജൂലൈ 5 മാർത്തോമ ശ്ലീഹയുടെ ദുക്റോനോ പെരുന്നാൾ ദിനം ഞായറാഴ്ച രാവിലെ 8.00ന് പ്രഭാത നമസ്കാരത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനക്ക് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ.തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്യും. തുടർന്ന് 11ന് ഈ വർഷം ഗ്രാജ്വേറ്റ് ചെയ്ത വിദ്യാർത്ഥികളെയും 90 വയസ്സിനു മുകളിലുള്ള മുതിർന്ന ഇടവകാംഗങ്ങളെയും ആദരിക്കുന്ന ചടങ്ങ് നടക്കും. തുടർന്ന് ആശീർവാദ പ്രാർത്ഥനയും സ്നേഹവിരുന്നും ഉണ്ടായിരിക്കും. പെരുന്നാൾ ആഘോഷങ്ങൾ വികാരി റവ.ഫാ.ഡോ.ഐസക് ബി. പ്രകാശ്, സഹവികാരിമാരായ റവ.ഫാ.ജോൺസൺ പുഞ്ചക്കോണം, റവ.ഫാ.ടെജി എബ്രഹാം, ട്രസ്റ്റി തോമസ് പണിക്കർ, സെക്രട്ടറി മനോജ് മാത്യു, മാനേജിങ് കമ്മിറ്റി, വിവിധ ആത്മീയ സംഘടനകൾ, പെരുന്നാൾ കൺവീനർമാരായ ജിജോ കാവനാൽ, മത്തായി കുര്യൻ, വിനു കുര്യൻ, പേൾ വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു.

# പൂതപ്പാട്ട് തരംഗമാകുന്നു, പൗലോസ് കുയിലാടൻ മിത്രാസ് അവാർഡ് ഏറ്റുവാങ്ങി



ഓർലാൻഡോ: മികച്ച നടനും കലാസാംസ്കാരിക പ്രവർത്തകനുമായ പൗലോസ് കുയിലാടൻ നോർത്ത് അമേരിക്കയിലെ ഇന്ത്യൻ കാലാകാരന്മാരുടേയും ചലച്ചിത്ര പ്രവർത്തകരുടേയും സർഗ്ഗാത്മക മികവിനെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച മിത്രാസ്ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രമായ പൂതപ്പാട്ട് എന്ന സിനിമയിലെ അഭിനയത്തിന് സ്പെഷൽ ജൂറി അവാർഡ് ഏറ്റുവാങ്ങി.

ജൂൺ 20ന് ന്യൂജേഴ്സിയിലെ ബ്രിയർലി തീയേറ്ററിൽ വെച്ചാണ് ചടങ്ങ് നടന്നത്. ഫെസ്റ്റിവലിൽ പൂതപ്പാട്ട് എന്ന ചിത്രത്തിലെ അഭിനയ മികവിനാണ് സ്പെഷൽ ജൂറി അവാർഡ് കുയിലാടൻ ഏറ്റുവാങ്ങിയത്.

നാടക രംഗത്തും ഗാനരചനയിലും കഴിവ് തെളിയിച്ച പൗലോസ് കുയിലാടൻ സ്കൂൾ കാലഘട്ടം മുതൽ പെരുന്തച്ചൻ, അച്ഛന്റെ പൊന്നുമക്കൾ, കൂട്ടുകുടുംബം തുടങ്ങി നിരവധി നാടകങ്ങൾ സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്തിട്ടുണ്ട്.

ഫ്ളോറിഡയിലെ ഓർലാൻഡോയിൽ സ്ഥിരതാമസക്കാരനായ കുയിലാടൻ ഫോമ, ഒരുമ, ഓർമ്മ എന്നീ സംഘടനകളിൽ പ്രവർത്തിക്കുകയും, കൾച്ചറൽ സ്റ്റേജ് പ്രോഗ്രാമുകൾ സംവിധാനം ചെയ്തിട്ടുള്ള ആളുമാണ്.

കൂടാതെ ഫോമ നാഷണൽ കമ്മിറ്റി മെമ്പർ, കൾച്ചറൽ കമ്മിറ്റി ചെയർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. മികച്ച ചിത്രമായ പൂതപ്പാട്ട് സംവിധാനം ചെയ്തിരിക്കുന്നത് രാംചന്ദ് പ്രശാന്ത് ആണ്. കഥ പൗലോസ് കുയിലാടൻ, ഡി.ഒ.പി. സ ന്ദീപ് സിദ്ധാർത്ഥൻ, സംഗീതം ജെയ്സൺ ജോൺ, മേക്കപ്പ് ആന്റ് ആർട്ട് സിജിൻ കൊടകര എന്നിവരാണ്. ചിത്രത്തിൽ പൗലോസ് കുയിലാടൻ, ശ്രീകാന്ത് സോമൻ, നിധിൻ സുബാഷ്, ജ്യൂവൽ ബേബി, കല, ജോയൽ കുയിലാടൻ, അരുൺ രാജ് എന്നിവർ വേഷമിടുന്നു.

# ചിക്കാഗോ മലയാളി അസോസിയേഷൻ നാഷണൽ ആം റെസ്‌ലിങ് കോമ്പറ്റിഷൻ ശ്രദ്ധേയമായി



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നാഷണൽ ആം റെസ്‌ലിങ് കോമ്പറ്റിഷൻ ശ്രദ്ധേയമായി. അസോസിയേഷന്റെ ചരിത്രത്തിൽ, ആദ്യമായി നടത്തപ്പെട്ട ആം റെസ്‌ലിങ് മത്സരങ്ങൾ കാണുവാൻ വിവിധ സ്റ്റേറ്റുകളിൽ നിന്നുൾപ്പെടെ നിരവധി പേരാണ് എത്തിയത്.

2026 ജൂൺ മാസം 21-ാം തീയതി ഡെസ് പ്ലെയിൻസിലുള്ള ക്നാനായ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെട്ട മത്സരങ്ങൾ പ്രശസ്ത സിനിമ നടനും മലയാളത്തിലെ ആക്ഷൻ ഹീറോയുമായ ബാബു ആന്റണി ഉദ്ഘാടനം ചെയ്തു.

ലൈറ്റ് വെയിറ്റ്, മിഡിൽ വെയിറ്റ്, സൂപ്പർ വെയിറ്റ് എന്നീ മൂന്ന് വിഭാഗങ്ങളിലായി നടത്തപ്പെട്ട മത്സരങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 25ൽപരം ടീമുകൾ പങ്കെടുത്തു. ആവേശകരമായ മത്സരങ്ങൾക്ക് ഒടുവിൽ ലൈറ്റ് വെയിറ്റ് വിഭാഗത്തിൽ അനൂപ് ജോസഫ് ഒന്നാം സ്ഥാനവും ജെറിൻ ജോസഫ് രണ്ടാം സ്ഥാനവും നേടി. മിഡിൽ വെയിറ്റ് വിഭാഗത്തിൽ ഡോൺ സഖറിയ ജേതാവായപ്പോൾ ഡിബിൻ ജോസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. സൂപ്പർ വെയിറ്റ് വിഭാഗത്തിൽ പ്രദീപ് ഡേവിസ് ഒന്നാം സ്ഥാനവും മെബിൻ അബ്രഹാം രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് ട്രോഫികളും പുരസ്കാരങ്ങളും സമ്മാനിച്ചു.

ആം റെസ്‌ലിങ് മത്സരങ്ങളുടെ കോഓർഡിനേറ്റർ ആയി അഭിലാഷ് നെല്ലാമറ്റം, റഫറിമാരായി ആഷ്‌ലി ജോൺ, ജെസ്സ്മോൻ പുറമഠം, റഫറി സപ്പോർട്ട് പ്രിൻസ് ഈപ്പൻ, രജിസ്ട്രേഷൻ സൂസൻ ചാക്കോ, ബീന ജോർജ്, വെയിറ്റ് മാനേജ്മെന്റ് മനോജ് അച്ചേട്ട്, ഗെയിം കണ്ടക്ടേർസ് സഞ്ചു മാത്യു, മാത്യൂസ് എബ്രഹാം, ടൈം മാനേജ്മെന്റ് ജിനോയ് മാത്യു, ഫസ്റ്റ് എയ്ഡ് ഷൈനി ഹരിദാസ്, സായി പുല്ലാപ്പള്ളിൽ, ട്രോഫി വർഗീസ് തോമസ്, ഫെസിലിറ്റി സപ്പോർട്ട് ഫിലിപ്പ് പുത്തൻപുരയിൽ, വർഗീസ് തോമസ് എന്നിവർ പ്രവർത്തിച്ചു.

അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രസിഡന്റ് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ എന്നിവർ സ്പോൺസർമാർക്കും മത്സരാർത്ഥികൾക്കും വിധികർത്താക്കൾക്കും സന്നദ്ധപ്രവർത്തകർക്കും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിച്ചു.

# ഒന്നാം വാർഷിക നിറവിൽ പാമ്പാടി തിരുമേനി ഗ്ലോബൽ കമ്മ്യൂണിറ്റി




ഹൂസ്റ്റൺ: പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ആത്മീയ പാരമ്പര്യം ലോകമെമ്പാടുമുള്ള വിശ്വാസികളിലേക്ക് എത്തിക്കുന്നതിൽ പാമ്പാടി തിരുമേനി ഗ്ലോബൽ കമ്മ്യൂണിറ്റി ശ്രദ്ധേയമായ പ്രവർത്തനങ്ങളുമായി മുന്നേറുന്നു. മലങ്കര സഭയുടെ ചരിത്രത്തിൽ തന്നെ ആദ്യമായിട്ട് ഒരു മെത്രാപ്പോലീത്തയുടെ പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ഗ്ലോബൽ കൂട്ടായ്മ വിവിധ ആത്മീയസാമൂഹിക പ്രവർത്തനങ്ങളിലൂടെ വിശ്വാസികളുടെ ഇടയിൽ ശക്തമായ സ്വാധീനം ചെലുത്തുകയാണ്.

അമേരിക്കൻ സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെയും കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ യുഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തയുടെയും അനുഗ്രഹാശംസകളോടെയാണ് കമ്മ്യൂണിറ്റിയുടെ പ്രവർത്തനം.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമ വാർഷികങ്ങളോടനുബന്ധിച്ച് അനുസ്മരണ സമ്മേളനങ്ങൾ, വിശുദ്ധ കുർബാന, ആത്മീയ പ്രഭാഷണങ്ങൾ എന്നിവ വർഷംതോറും ഭക്തിസാന്ദ്രമായി സംഘടിപ്പിച്ചു വരുന്നു. കഴിഞ്ഞ വർഷം ഹ്യൂസ്റ്റണിലെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷയ്ക്ക് റവ. ഫാ. ഡോ.വർഗീസ് വർഗീസ് നേതൃത്വം നൽകി.

കൂടാതെ, തിരുമേനിയുടെ ആത്മീയ സന്ദേശങ്ങൾ പുതിയ തലമുറയിലേക്ക് എത്തിക്കുന്നതിനായി പാമ്പാടി തിരുമേനി യു.എസ്.എ എന്ന യൂട്യൂബ് ചാനൽ ആരംഭിച്ചതും കമ്മ്യൂണിറ്റിയുടെ പ്രധാന നേട്ടങ്ങളിലൊന്നാണ്. ആത്മീയ പ്രഭാഷണങ്ങൾ, ജീവിത സന്ദേശങ്ങൾ, ചരിത്ര വിവരങ്ങൾ എന്നിവ ഈ പ്ലാറ്റ്ഫോമിലൂടെ പ്രചരിപ്പിച്ചു വരുന്നു.

ഹൂസ്റ്റണിലെ ഊർശ്ലേം അരമന ചാപ്പലിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ച പാമ്പാടി തിരുമേനിയുടെ ഐക്കൺ പ്രതിഷ്ഠ കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആത്മീയ ഉണർവ് നൽകി.

ഇത്തവണത്തെ 61-ാമത് ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 11ന് ശനിയാഴ്ച ഹ്യൂസ്റ്റണിലെ ഊർശ്ലേം അരമന ചാപ്പലിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു. വിശുദ്ധ കുർബാനയ്ക്ക് റവ.ഫാ. നിതിൻ വി. രാജൻ നേതൃത്വം നൽകി. പെരുന്നാളിന്റെ ഭാഗമായി അഞ്ച് പള്ളികളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഭദ്രാസന സെക്രട്ടറി റവ.ഫാ.ജോർജ് എസ്. മാത്യൂസ് ചെയർമാനായ പെരുന്നാൾ കമ്മിറ്റി സജീവമായി പ്രവർത്തിച്ചു.

പാമ്പാടി ദയറായിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളിലും ഈ പ്രസ്ഥാനം സജീവമായി സഹകരിച്ചു വരുന്നു. തിരുമേനിയുടെ വിശുദ്ധജീവിതവും ദൈവസേവനവും അടുത്ത തലമുറയിലേക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പാമ്പാടി തിരുമേനി ഗ്ലോബൽ കമ്മ്യൂണിറ്റി, ആത്മീയ ഉണർവിനും സഭാ ഐക്യത്തിനും ശക്തമായ വേദിയായി മാറിക്കൊണ്ടിരിക്കുകയാണ്.

1st July - **National Gingersnap Day**

National Gingersnap Day is celebrated on 1st July every year to enjoy this sweet and savoury treat. Do you know Gingersnaps are cookies mainly made from molasses, cloves, ginger, cinnamon, and brown sugar? Basically, it is a combination of sweet and spicy. They are healthier alternatives to other cookies as they are lower in calories.

2nd July - **World UFO Day**

World UFO Day is observed on 2nd July. It was founded by the UFO hunter Haktan Akdogan. The first World UFO Day was celebrated in 2001 and spread awareness among people to gaze at the heavens scanning for unidentified flying objects.

# പിതൃദിനം ഉത്സവദിനമാക്കി ബെൻസൻവിൽ ഇടവക



**- ലിൻസ് താന്നിച്ചുവട്ടിൽ**

ഷിക്കാഗോ: ബെൻസൻവിൽ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ ഫാദേഴ്സ് ഡേ ആഘോഷപൂർവ്വം ആചരിച്ചു. രാവിലെ 10 മണിക്ക് അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ ഇടവക വികാരി ഫാ. അബ്രഹാം കളരിയ്ക്കൽ മുഖ്യകാർമികത്വം വഹിച്ചു. വിശുദ്ധ കുർബാനയെത്തുടർന്ന് ഇടവകയിലെ എഴുപത്തഞ്ചു വയസിനു മുകളിൽ പ്രായമായ പിതാക്കന്മാരെ ആദരിച്ചു. തുടർന്ന് എല്ലാ പിതാക്കന്മാരെയും ആശീർവദിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ ഏറ്റവും മുതിർന്ന പിതാക്കന്മാരെ പ്രതിനിധീകരിച്ച് ജേക്കബ് പുല്ലാപ്പള്ളിയെ പൊന്നാടയണിയിച്ച് വികാരി ഫാ. അബ്രഹാം കളരിയ്ക്കൽ ആദരിച്ചു.

തുടർന്ന് ഹാളിൽവച്ച് പിതാക്കന്മാർക്കായി ആകർഷകങ്ങളായ മത്സരങ്ങളും ക്രമീകരിച്ചിരുന്നു. വിമെൻ മിനിസ്ട്രി ആണ് ഫാദേഴ്സ് ഡേയുടെ ക്രമീകരണങ്ങൾക്ക് പ്രധാനമായും നേതൃത്വം നൽകിയത്. പ്രിയ തേക്കനാട്ടിന്റെ നേതൃത്വത്തിലുള്ള വിമെൻസ് മിനിസ്ട്രി എല്ലാവർക്കും വിഭവസമൃദ്ധമായ ഹോംമെയ്ഡ് ഭക്ഷണവും ക്രമീകരിച്ചിരുന്നു. മനോഹരമായ രീതിയിൽ ആഘോഷ ക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ച വിമൻസ് മിനിസ്ട്രിയ്ക്ക് ഇടവകസമൂഹത്തെ പ്രതിനിധീകരിച്ച് ട്രസ്റ്റി കോർഡിനേറ്റർ തോമസ് കുന്നുമ്പുറം നന്ദിയർപ്പിച്ചു.

വിമൻസ് മിനിസ്ട്രിയ്ക്കൊപ്പം ഇടവകയുടെ ട്രസ്റ്റിമാരായ തോമസ് കുന്നുമ്പുറം, മത്തിയാസ് പുല്ലാപ്പള്ളിൽ, അബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽ കരോട്ട് എന്നിവരും പരിപാടികളുടെ നടത്തിപ്പിന് നേതൃത്വം നൽകി.

# വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയനിൽ ട്രയാഡ് പ്രൊവിൻസ് നിലവിൽ വന്നു

നോർത്ത് കരോലിന: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) അമേരിക്ക റീജിയന്റെ കീഴിൽ നോർത്ത് കരോലിനയിലെ ട്രയാഡ് പ്രൊവിൻസ് ഔദ്യോഗികമായി നിലവിൽ വന്നു. കേരള മുൻ ഡി.ജി.പി മുഹമ്മദ് യാസിൻ (റിട്ട.) മുഖ്യാതിഥിയായ ചടങ്ങിൽ ഡബ്ല്യുഎംസി ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടക്കൽ സ്ഥാനാരോഹണച്ചടങ്ങിന് നേതൃത്വം നൽകുകയും പുതിയ ഭാരവാഹികൾക്ക് സ്ഥാനചുമതല നൽകുകയും ചെയ്തു.




ട്രയാഡ് പ്രൊവിൻസിന്റെ ചെയർമാനായി മനോജ് കുമാർ, പ്രസിഡന്റായി കൃഷ് പാർളിക്കാട്, അഡ്വൈസറി ബോർഡ് ചെയർമാനായി സാജു തുറുത്തൽ, സെക്രട്ടറിയായി രാജ് നായർ, ട്രഷററായി ഡോ. സന്ധ്യ കുമാർ എന്നിവർ സ്ഥാനമേറ്റു. വൈസ് പ്രസിഡന്റുമാരായി സരുൺ സോമൻ (സ്പോർട്സ്), സലീം ഇല്ലിക്കൽ (മെമ്പർഷിപ്പ്), പ്രശാന്ത് നായർ (ഓർഗനൈസേഷൻ), ജെയിംസ് തുണ്ടത്തിൽ ജോസഫ് (അഡ്മിനിസ്ട്രേഷൻ), ഡോ. ലുഖ്മാൻ ടി.കെ. (ആർട്സ് ആൻഡ് കൾച്ചർ) എന്നിവരും, വൈസ് ചെയറായി ഡോ. ജ്യോതി നായർ (ഓർഗ് ഡെവലപ്മെന്റ്), ജോയിന്റ് സെക്രട്ടറിയായി സലീഷ് കെ. കെ., കൾച്ചറൽ കോഓർഡിനേറ്ററായി പ്രദീപ് നമ്പ്യാർ, ജോയിന്റ് ട്രസ്റ്റിയായി ദിനേഷ് ദിലീപ് കുമാർ എന്നിവരും ചുമതലയേറ്റു. കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി റെജി മോൻ വർഗീസ്, ശ്രീജേഷ് നായർ, മിനി സാജു, ലിജി ശ്രീജേഷ് എന്നിവരും സ്ഥാനമേറ്റു.

അമേരിക്ക റീജിയനിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലും പുതിയ പ്രൊവിൻസുകൾ രൂപീകരിക്കുന്നതിലും നേതൃത്വം നൽകുന്ന റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിലിനെ ഡബ്ല്യുഎംസി ഗ്ലോബൽ നേതൃത്വം അഭിനന്ദിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അമേരിക്ക റീജിയൻ ശ്രദ്ധേയമായ വളർച്ച കൈവരിച്ചുവരികയാണെന്നും പുതിയ പ്രൊവിൻസുകളുടെ രൂപീകരണത്തിലൂടെ സംഘടന കൂടുതൽ ശക്തിപ്പെടുകയാണെന്നും നേതാക്കൾ അഭിപ്രായപ്പെട്ടു.

ട്രയാഡ് പ്രൊവിൻസ് രൂപീകരണത്തിനായി അക്ഷീണം പ്രവർത്തിച്ച് നിർണായക നേതൃത്വം നൽകിയ ഡബ്ല്യുഎംസി ഗ്ലോബൽ ഒ.സി.ഐ. ഫോറം ചെയർമാൻ സാജു തുറുത്തൽയെയും ചടങ്ങിൽ പ്രത്യേകം അനുമോദിച്ചു. അദ്ദേഹത്തിന്റെ ആത്മാർഥമായ പ്രവർത്തനവും മികച്ച ഏകോപനവുമാണ് ട്രയാഡ് പ്രൊവിൻസ് യാഥാർഥ്യമാകാൻ വഴിയൊരുക്കിയതെന്ന് യോഗം വിലയിരുത്തി.

ചടങ്ങിൽ സംസാരിച്ച അമേരിക്ക റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിൽ, ട്രയാഡ് പ്രൊവിൻസിന്റെ പുതിയ ഭാരവാഹികളെയും അംഗങ്ങളെയും വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ കുടുംബത്തിലേക്ക് ഹൃദയപൂർവം സ്വാഗതം ചെയ്തു. പുതിയ നേതൃത്വം സംഘടനയുടെ ആഗോള ദൗത്യവും സാമൂഹികസാംസ്കാരിക സേവന പ്രവർത്തനങ്ങളും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു.

ഡബ്ല്യുഎംസി ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ ട്രഷറർ സണ്ണി വലിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, അമേരിക്ക റീജിയൻ ചെയർമാൻ ഡോ. ഷിബു സാമുവൽ, വൈസ് പ്രസിഡന്റ് ഡോ. തങ്കം അരവിന്ദ്, സെക്രട്ടറി മഞ്ജു നീലിവീറ്റിൽ, ട്രഷറർ മോഹൻകുമാർ എന്നിവർ പുതിയ പ്രൊവിൻസിനും ഭാരവാഹികൾക്കും ആശംസകൾ നേർന്നു.

## ഫൊക്കാന നാഷണൽ കമ്മിറ്റി സ്ഥാനത്തേക്ക് അഭിലാഷ് ജോൺടീം എംപവർ പാനലിൽ മത്സരിക്കുന്നു



ഫിലാഡൽഫിയ: ഫൊക്കാനയുടെ 2026-2028 കാലയളവിലേക്ക് അഭിലാഷ് ജോൺ പെൻസിൽവാനിയയിൽ നിന്നും നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു. ലീലാ മാരേട്ട് നേതൃത്വം നൽകുന്ന ടീം എംപവറിന്റെ ഭാഗമായാണ് അഭിലാഷ് ജോൺ മത്സരിക്കുന്നത്.

അമേരിക്കയിൽ എത്തുന്നതിനു മുൻപേ സാമൂഹിക സാംസ്കാരിക രംഗത്തു സജീവമായിരുന്ന അഭിലാഷ് ജോൺ തിരുവനന്തപുരം ലോ അക്കാദമി ലോകോളേജിൽ നിന്നും നിയമ ബിരുദവും കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ നിന്നും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി, വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുജന രംഗത്തേക്ക് കടന്നുവന്ന യുവ നേതാവാണ്. യുവജന പ്രസ്ഥാങ്ങളുടെ നേതൃത്വത്തിലൂടെ ജന ഹൃദയങ്ങളിൽ സ്ഥാനം നേടിയ അഭിലാഷ് ജോൺ വിവിധ ത്രിതലപഞ്ചായത്തു തിരഞ്ഞെടുപ്പുകളിൽ മത്സരിച്ചു വിജയം നേടിയാണ് പൊതു പ്രവർത്തന രംഗത്ത് സജീവമായത്. കൊല്ലം കല്ലുവാതുക്കൽ പഞ്ചായത്തു വൈസ് പ്രസിഡന്റായി പൊതു പ്രവർത്തന രംഗത്തും ജനകീയ സേവകൻ എന്ന നിലയിലും ശ്രദ്ധേയനായി. കൊല്ലം താലൂക്ക് ലൈബ്രറി കൗൺസിൽ പ്രതിനിധി എന്ന നിലയിലും മികച്ച സേവനം കാഴ്ച വെച്ചു.

അഭിഭാഷകൻ ആയതോടെ അഭിഭാഷകസംഘടനയുടെ അമരക്കാരനായും ശോഭിച്ചു. 2010 മുതൽ ഫിലഡൽഫിയയിൽ സ്ഥിര താമസമാക്കിയ അഭിലാഷ് ജോൺ പെൻസിൽവേനിയ ന്യൂജേഴ്സി, ഡെലവെയർ എന്നീ സംസ്ഥാനങ്ങളിലെ പതിനഞ്ചിൽ പരം മലയാളി സംഘടനകളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ചെയർമാൻ, സെക്രട്ടറി, ഓണാഘോഷ കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശേഷം നിലവിൽ ടി.കെ.എഫ് വൈസ് ചെയർമാൻ ആയി പ്രവർത്തിക്കുന്നു. കൂടാതെ പമ്പാ മലയാളി അസോസ്സിയേഷൻ, ഫിൽമ മലയാളീ അസോസ്സിയേഷൻ തുടങ്ങിയ വിവിധ സംഘടനാ ഭാരവാഹിത്യം കൂടി വഹിക്കുന്ന അഭിലാഷ് ജോൺ ഫൊക്കാനക്കു ഒരു മുതൽകൂട്ടാണ്. അഭിലാഷ് ജോണിനെ പോലെ കഴിവും ആർജ്ജവവും ഉള്ള ചെറുപ്പക്കാർ ഫൊക്കാനയുടെ ഭാഗമായെങ്കിൽ മാത്രമേ ഫൊക്കാനയിൽ ഇനി വരുന്ന കാലത്തു ഒരു യുവജന തരംഗം ഉണ്ടാവുകയുള്ളു. അഭിലാഷ് ജോണിന്റെ സ്ഥാനാർത്ഥിത്വം ഫൊക്കാനയുടെ ഭാവി കൂടുതൽ സജീവമാക്കി തീർക്കുമെന്ന് ടീം എംപവർ പ്രസിഡന്റ് സ്ഥാനാർത്ഥി ലീല മാരേട്ട് ആശംസിച്ചു.

പെൻസിൽവേനിയയിൽ നിന്നും ടീം എംപവറിന്റെ ഭാഗമായി നിന്ന് മത്സരിക്കുന്ന ജനറൽ സെക്രട്ടറി സ്ഥാനാർഥി ജോർജ് ഓലിക്കൽ, അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി ഷാജി സാമുവേൽ, ആർ.വി.പി സ്ഥാനാർഥി അജിത് ചാണ്ടി, നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥികളായ റോണി വർഗീസ്, മാത്യു ചെറിയാൻ. യൂത്ത് കമ്മിറ്റി മെമ്പർ ഫെയ്ത് എൽദോ എന്നിവർ വിജയാശംസകൾ നേർന്നു.

## പിസി നാക് സമ്മേളനത്തിൽ സ്ത്രീ ശാക്തികരണ സെമിനാർ 4 ശനിയാഴ്ച

**- പ്രസാദ് തീയാടിക്കൽ**

ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന പിസി നാക്ക് കോൺഫറൻസിൽ വനിതകളുടെ ശാരീരിക മാനസിക, ആത്മീക മേഖലകളിലെ സമഗ്ര ആരോഗ്യത്തെ ആസ്പദമാക്കി പ്രചോദനാത്മകവും വിജ്ഞാന പ്രദവുമായ ചർച്ച സംഘടിപ്പിക്കുന്നു.

ജൂലൈ 4 ശനിയാഴ്ച 2.45ന് ചർച്ച ആരംഭിക്കും. പ്രധാന സമ്മേളന വേദിയുടെ രണ്ടാം നിലയിലുള്ള നിർവാണ ബിയിലാണ് ചർച്ചകൾ നടക്കുന്നത്. ഡോ ജോയ്സ് ജോസഫ് ആണ് മോഡറേറ്റർ. ഡോ ജ്യോതി ബെൻ, ഡോ.ആശ ജോൺ, ഫാമിലി നേഴ്സ് പ്രാക്ടീഷണർമാരായ ഡോ. സൂസൻ മാത്യു, ഷെൻസി വർഗീസ്, ഷൈനി ഡാനിയൽ എന്നിവർ പാനലിസ്റ്റുകൾ ആയിരിക്കും.

മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും ആരോഗ്യകരമായ വളർച്ചയും സംരക്ഷണവും ലക്ഷ്യമാക്കി വിദഗ്ധർ അവരുടെ അറിവുകളും അനുഭവങ്ങളും പങ്കുവെക്കുകയും ഇതോടനുബന്ധിച്ചുള്ള വിവിധ വിഷയങ്ങൾ ഈ സംവാദത്തിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്യും. കൂടാതെ, വനിതാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ധരുമായി ചോദ്യോത്തര വേളയും ഉണ്ടായിരിക്കുന്നതാണ്.

സമതുലിതവും ആരോഗ്യകരവുമായ ജീവിതശൈലി സ്വീകരിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്ന ഈ പ്രത്യേക സെഷനിലേക്ക് എല്ലാ വനിതകളെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

## ചിക്കാഗോ സെന്റ് മേരീസിൽ വൈവിധ്യമാർന്ന പരിപാടികളോടെ പിതൃദിനം ആഘോഷിച്ചു



**- റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ഈവർഷത്തെ പിതൃദിനാഘോഷങ്ങൾ വൈവിധ്യമാർന്ന പരിപാടികളോടെ ആചരിച്ചു. ജൂൺ 21 ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന പ്രധാന ദിവ്യബലിയിൽ കോട്ടയം അതിരൂപത മലങ്കര ഫൊറോനാ വികാരി ഫാ. റെന്നി കട്ടേൽ കാർമ്മികത്വം വഹിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

തുടർന്ന് അലിയ കൈതമലയിൽ ഇടവകയിലെ കുട്ടികളെ പ്രതിനിധീകരിച്ച് പിതൃദിനാശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. തുടർന്ന് എല്ലാ പിതാക്കന്മാർക്കുമായി പ്രത്യേക ആശീർവാദപ്രാർത്ഥന നടത്തി. രാവിലെയും വൈകുന്നേരവും നടന്ന വിശുദ്ധ കുർബാനക്കും പിതാക്കന്മാർക്കുള്ള പ്രത്യേക ആശീർവാദത്തിനും വികാരി ഫാ.സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ കാർമ്മികത്വം വഹിച്ചു. എല്ലാ പിതാക്കന്മാർക്കും ഇടവകയുടെ പ്രത്യേക ഉപഹാരങ്ങൾ വൈദികർ വിതരണം ചെയ്തു.

തുടർന്ന് വുമൺ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പിതൃദിനാഘോഷങ്ങൾ നടന്നു. എല്ലാവർക്കുമായി രസകരമായ വിവിധ മത്സരങ്ങൾ നടത്തപ്പെട്ടു.ജോണിക്കുട്ടി പിള്ളവീട്ടിൽ, ജോമോൻ ചാലുങ്കൽ, ബിജു വാക്കേൽ എന്നിവർ ഒന്നാം സമ്മാനം നേടി. വൈവിധ്യമാർന്ന ഈ പരിപാടികൾ വുമൺ മിനിസ്ട്രി കോർഡിനേറ്റർമാരായ ജയ കുളങ്ങര, റെജിമോൾ വല്ലൂർ, ലിസി മുല്ലപ്പള്ളി, ബേബി സണ്ണി മേനമറ്റത്തിൽ, റീന പണയപറമ്പിൽ എന്നിവർ നിയന്ത്രിച്ചു. ഇടവകയുടെ ഈ വർഷത്തെ പിതൃദിനാഘോഷത്തിന്റെ മൊത്തത്തിലുള്ള ക്രമീകരണങ്ങൾക്ക് കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, പി.ആർ.ഓ റോയി ചേലമലയിൽ, സി. ശാലോം, സി. ജെസീന എന്നിവർ നേതൃത്വം നൽകി.

## കെസിബിസി പ്രസിഡന്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയക്കലിന് ഡാളസ് ഇടവകയിൽ സ്വീകരണം



ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിൽ കെസിബിസി പ്രസിഡന്റും കോഴിക്കോട് അതിരൂപതാദ്ധ്യക്ഷനുമായ റവ. ഡോ.വർഗ്ഗീസ് ചക്കാലക്കലിന് പ്രൗഢോജ്ജ്വലമായ സ്വീകരണം നൽകി.

ഇടവകയിലെ പിതൃദിനത്തോട് അനുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പിതൃദിനാഘോഷത്തിൽ മുഖ്യാതിഥിയായി പിതാവ് പങ്കെടുത്തു. വിവിധ മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകുകയും പിതൃദിനത്തോട് അനുബന്ധിച്ച് നടന്ന ആദരിക്കൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

സ്വീകരണത്തിന് കൈക്കാരൻമാരായ റ്റെറി വാളാച്ചേറിൽ, ബിനോ പുല്ലുകാട്ട്, റെനി പഴയിടത്ത്, ജയിംസ് കൊല്ലമാരുപറമ്പിൽ എന്നിവർ നേതൃത്വം നൽകി. കെസിബിസി പ്രസിഡന്റും കോഴിക്കോട് അതിരൂപതാദ്ധ്യക്ഷനുമായി ശുശ്രൂഷ ഏറ്റെടുത്തതിന് ശേഷം ആദ്യമായി അമേരിക്കയിൽ ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ആദ്യ സന്ദർശനത്തിനായി തിരഞ്ഞെടുത്തതിന്റെ സന്തോഷം വികാരി ഫാ.ബിൻസ് ചേത്തലിൽ പങ്കുവെച്ചു.



# മോഹിനിയാട്ടത്തിന് കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം: അഭിമാനമായി ഡോ. സുനന്ദ നായർ

- ജീമോൻ റാന്നി



ഹൂസ്റ്റൺ: മോഹിനിയാട്ട രംഗത്തെ സമഗ്ര സംഭാവനകൾക്ക് ഇന്ത്യയിലെ പരമോന്നത കലാബഹുമതികളിലൊന്നായ 2024ലെ സംഗീത നാടക അക്കാദമി പുരസ്കാരത്തിന് പ്രശസ്ത നർത്തകിയും ഗുരുവുമായ ഡോ.സുനന്ദ നായർ തിരഞ്ഞെടുക്കപ്പെട്ടു. മോഹിനിയാട്ടം വിഭാഗത്തിലാണ് ഈ ദേശീയ അംഗീകാരം ലഭിച്ചത്. നിരവധി വർഷങ്ങളായി ഹൂസ്റ്റണിൽ താമസമാക്കിയ മലയാളിയായ സുന്ദന്ദ അമേരിക്കൻ പ്രവാസി ഇന്ത്യക്കാർക്ക് അഭിമാനമായി മാറി.

സംഗീത നാടക അക്കാദമി പുരസ്കാരം ഇന്ത്യയിലെ പ്രകടനകലകൾക്കായുള്ള ദേശീയ അക്കാദമിയായ സംഗീത നാടക അക്കാദമി നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ്. രാജ്യത്തെ ഏറ്റവും അഭിമാനകരവും പ്രശസ്തവുമായ സാംസ്കാരിക അംഗീകാരങ്ങളിൽ ഒന്നായി ഈ പുരസ്കാരം കണക്കാക്കപ്പെടുന്നു. കലാരംഗത്തെ അസാധാരണമായ സംഭാവനകളെയും ജീവിതസാഫല്യങ്ങളെയും ആദരിക്കുന്നതിനാണ് ഈ ബഹുമതി നൽകുന്നത്.

പത്മഭൂഷൺ ഡോ.കനക് റെലെയുടെ ശിഷ്യപരമ്പരയിൽ വളർന്ന ഡോ.സുനന്ദ നായർ, നളന്ദ നൃത്യകലാ മഹാവിദ്യാലയത്തിന്റെ കലാഅക്കാദമിക് പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകുന്ന പ്രമുഖ മോഹിനിയാട്ടം ആചാര്യരിൽ ഒരാളാണ്.

നളന്ദയിൽ (യൂണിവേഴ്സിറ്റി ഓഫ് മുംബൈ) നിന്ന് മോഹിനിയാട്ടത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ആദ്യ വിദ്യാർത്ഥിയാണ് സുനന്ദ നായർ.

അഞ്ച് ദശാബ്ദത്തിലേറെ നീളുന്ന കലാജീവിതത്തിൽ, അവതാരക, നൃത്തസംവിധായക, ഗവേഷക, ഗുരു എന്നീ നിലകളിൽ ഡോ.സുനന്ദ നായർ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ നൃത്തോത്സവങ്ങളിലും സാംസ്കാരിക വേദികളിലും അവർ മോഹിനിയാട്ടം അവതരിപ്പിച്ചിട്ടുണ്ട്. ആത്മീയത, ശാസ്ത്രീയത, സൗന്ദര്യാത്മക മികവ് എന്നിവ സമന്വയിക്കുന്ന അവതരണങ്ങളിലൂടെ ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തി നേടിയിട്ടുണ്ട്.

അമേരിക്കയിൽ മോഹിനിയാട്ടത്തിന്റെ പ്രചാരണത്തിലും ഡോ.സുനന്ദ നായർ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി തന്റെ സ്ഥാപനത്തിലൂടെയും കലാപരിപാടികളിലൂടെയും പ്രഭാഷണപ്രദർശനങ്ങളിലൂടെയും കേരളത്തിന്റെ ശാസ്ത്രീയ നൃത്തരൂപത്തെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിൽ അവർ സജീവമാണ്. ഇതിലൂടെ ഇന്ത്യൻ പ്രവാസി സമൂഹത്തിൽ മോഹിനിയാട്ടത്തിന് ശക്തമായ അടിത്തറ സൃഷ്ടിക്കാനും കലാരൂപത്തിന്റെ പാരമ്പര്യം സംരക്ഷിക്കാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

കലാരത്നം കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി 2016, കലാശ്രീ അവാർഡ് കേരള സംഗീത നാടക അക്കാദമി 2011, നൃത്യസേവാമണി അവാർഡ് ക്ളീവ്ലാൻഡ് ത്യാഗരാജ ഫെസ്റ്റിവൽ 2020, ഗ്ലോബൽ എക്സലൻസ് അവാർഡ് ഫോർ പെർഫോമിംഗ് ആർട്സ്, 2019, ബാംഗ്ലൂർ ക്ലബ് ഓഫ് കഥകളിയുടെ സൈറ്റേഷൻ 2018, മുതിരായ് പതിത വിതഗർ, നാട്യാഞ്ജലി ഫെസ്റ്റിവൽ 2018, അനന്ത മാർഗശീർഷ നാട്യ പുരസ്കാരം, നായർ സംഗമം 2018, നളന്ദ കനക നർത്തന പുരസ്കാർ നളന്ദ ഡാൻസ് റിസർച്ച് സെന്റർ 2017 തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

രണ്ടു കുട്ടികൾ. മകൻ അനിരുദ്ധ് കെമിക്കൽ എഞ്ചിനീയർ ആയി ജോലി നോക്കുന്നു. മകൾ സിയ ടെക്സാസ് എ ആൻഡ് എം യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജി മേജർ ബിസിനസ്സ് മൈനർ ആയി ബിരുദം എടുത്തു. സിയയും ഒരു നല്ല നർത്തകിയാണ്. ഭരതനാട്യവും, മോഹിനി ആട്ടവും അഭ്യസിച്ചിട്ടുണ്ട്.

2nd July - **National Anisette Day**

National Anisette Day is observed on 2nd July every year and is popular in Spain, Italy, Portugal, and France. Let us tell you that Anisette is an anise-flavoured liquor that is made by distilling aniseed and sometimes made by adding sugar.

3rd July - **National Fried Clam Day**

National Fried Clam Day is celebrated every year on the 3rd of July. Fried clam is the process of deep-frying the clams after being coated in the bread crumbs and stripping them further. This is a traditional way to prepare fried crumbs.

# ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ ഇടവകയിൽ ദിവ്യ കാരുണ്യ സ്വീകരണവും മാമ്മോദീസായും നടത്തി



- ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ ആഘോഷമായ ദിവ്യ കാരുണ്യ സ്വീകരണവും മാമ്മോദീസായും നടത്തി.

അക്ഷയ് പൊക്കന്താനം, ആനിയ താന്നിച്ചുവട്ടിൽ, ഗബ്രിയേലാ മഴുപ്പേൽ, മിഖായേൽ മഴുപ്പേൽ, ഹെയ്സൽ ചെമ്പോല, നെവെയ താനത്ത്, നറ്റാഷാ താനത്ത്, നോറ കളപ്പുരയിൽ എന്നീ കുട്ടികളായിരുന്നു ആഘോഷമായ ദിവ്യ കാരുണ്യം സ്വീകരിച്ചത്. കാവൽ ചിറ്റാലക്കാട്ടു, റ്റെയ്സൺ ചെമ്പോല എന്നീ കുട്ടികളായിരുന്നു മാമ്മോദീസ സ്വീകരിച്ചത്. ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

റവ.ഫാ. ഡിജൻ മൈക്കിൾ സഹകാർമികത്വം വഹിച്ചു. റ്റിട്സി വലിയപറമ്പിൽ, സിമി തൈമാലിൽ എന്നിവരാണ് കുട്ടികളെ ദിവ്യ സ്വീകരണത്തിനായി നാളുകളായിട്ടുള്ള പരിശീലനത്തിലൂടെ ഒരുക്കിയത്.

# മഞ്ജു വാര്യർ, കുഞ്ചാക്കോ ബോബൻ നയിക്കുന്ന സ്റ്റേജ് ഷോ കിക്ക് ഓഫ് നടത്തി



- അനശ്വരം മാമ്പിള്ളി

ഡാളസ്: മുഴുനീള കലാപരിപാടികളോടെ മഞ്ജു വാര്യരും കുഞ്ചാക്കോ ബോബനും നയിക്കുന്ന ആകർഷമായ താരനിശ അമേരിക്കയിൽ പര്യടനം നടത്തുന്നു. ഗാലക്സി എന്റർടൈൻമെന്റ്സ് ബാനറിൽ സെപ്റ്റംബർ 20ന് പ്ലാനോ ഇവന്റ് സെന്ററിൽ തുടക്കം കുറിച്ച് ന്യൂയോർക്ക്, ഹൂസ്റ്റൺ തുടങ്ങി അമേരിക്കയിലെ വിവിധ സിറ്റികളിൽ ഈ ഷോ ഉണ്ടായിരിക്കുന്നതായിരിക്കുമെന്ന് ഗാലക്സി എന്റർടൈൻമെന്റ്സ് ടീം അംഗങ്ങളായ ബിജിലി ജോർജ്, ബാബുക്കുട്ടി സ്കറിയ, ടി.വി വർഗീസ്, തോമസ് കോശി, സനൂപ് എബ്രഹാം എന്നിവർ അറിയിച്ചു. മഞ്ജു വാര്യർ, കുഞ്ചാക്കോ ബോബൻ കൂടാതെ രമേശ് പിഷാരടി, ഉണ്ണി മേനോൻ, സിതാര കൃഷ്ണകുമാർ, അഫ്സൽ, സാനിയ ഐയ്യപ്പൻ തുടങ്ങി എന്റർടൈൻമെന്റ് ഇൻഡസ്ട്രിയിൽ നിന്നുമുള്ള വൻ താരനിര അണിനിരക്കുന്ന ഒരു ഗംഭീര ടീം ഈ ഷോയുടെ ഭാഗമായിട്ടുണ്ട്. അതു കൊണ്ടു തന്നെ ഈ ഷോ അമേരിക്ക കണ്ട മികച്ച ഷോയിൽ ഒന്നായിരിക്കുമെന്ന് ഗാലക്സി എന്റർടൈൻമെന്റ്സ് അംഗങ്ങൾ ആത്മ വിശ്വാസം പ്രകടിപ്പിച്ചു. ഈ ഷോയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

പാസ്റ്റർ ഷിബു സാമുവലിന്റെ ആശീർവാദത്തോടെ പ്രസ്സ് ക്ലബ് ഭാരവാഹികളായ പി പി ചെറിയാൻ, രാജു തരകൻ, അനശ്വരം മാമ്പിള്ളി, ജോർജ് ഇട്ടൂപ്പ് (ലയൺസ് ക്ലബ്), നൈനാൻ മാത്യു (പ്രസിഡന്റ്, ഇന്ത്യ കൾച്ചർ ആന്റ് എഡ്യൂക്കേഷൻ സെന്റർ), ജോജോ കോട്ടക്കൽ (ഡാളസ് മച്ചാൻ), ജിജി പി സ്കറിയ (യൂത്ത് ഓഫ് ഡാളസ്), എബി, വിന്നി തുടങ്ങിയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ സാന്നിധ്യത്തിലായിരുന്നു കിക്ക് ഓഫ് നടത്തിയത്.

# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ മെഗാ തിരുവാതിരയ്ക്ക് പങ്കാളികളെ ക്ഷണിക്കുന്നു

- സുമോദ് തോമസ് നെല്ലിക്കാല

ഫിലഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 22ന് നടക്കുന്ന ഓണാഘോഷങ്ങളുടെ ഭാഗമായി മെഗാ തിരുവാതിര സംഘടിപ്പിക്കുന്നു. ഫിലഡൽഫിയയിലെ കാൻസ്റ്റാറ്റർ വേദിയിലാണ് ഓണാഘോഷം നടക്കുന്നത്.

മാതാ ഡാൻസ് അക്കാദമിയുടെ ബാനറിൽ പ്രശസ്ത നൃത്തപരിശീലകയായ ബേബി തടവനാലിന്റെ നേതൃത്വത്തിൽ ആണ് മെഗാ തിരുവാതിര അരങ്ങേറുന്നത്. തിരുവാതിരയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് സൗജന്യ പരിശീലന സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ഓണാഘോഷങ്ങളിലൂടെ പ്രദർശിപ്പിക്കുന്ന ഈ മെഗാ തിരുവാതിരയിൽ എല്ലാ പ്രായത്തിലുമുള്ള വനിതകളെയും പങ്കാളികളാകാൻ ട്രൈ സ്റ്റേറ്റ് കേരള ഫോറം സ്വാഗതം ചെയ്യുന്നു. നൃത്ത മോഹം മനസ്സിൽ കൊണ്ടുനടക്കുന്ന വനിതകൾക്ക് ഇതൊരു സുവർണാവസരമാണ്.

ഈ സന്ദർശനത്തെ വരവേൽക്കാൻ മലയാളികൾ പൂക്കളമൊരുക്കി, ഓണസദ്യ ഒരുക്കി, ഗാനമേള, നൃത്തരൂപം തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ച് ആഘോഷിക്കുന്നു. അതേ ആവേശത്തോടെയും പാരമ്പര്യത്തോടെയും ട്രൈസ്റ്റേറ്റ് കേരള ഫോറവും ഈ വർഷം വിപുലമായ ഓണാഘോഷമാണ് സംഘടിപ്പിക്കുന്നത്. പ്രശസ്ത പിന്നണി ഗായകർ ഉൾപ്പെടെ നിരവധി സിനിമാ കലാ സാംസ്കാരിക നായകർ പരിപാടിയിൽ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും പ്രോഗ്രാം കോർഡിനേറ്റർ റോണി വർഗീസ് (267213 5544) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## നാമം എക്സലൻസ് അവാർഡ് ഓഗസ്റ്റ് 2ന് മാതൃകാ വ്യക്തിത്വങ്ങൾക്ക്

– ജോർജ് നടവയൽ



ന്യൂജേഴ്സി: പരിഷ്കൃത സമൂഹത്തിൽ, മാതൃകാവ്യക്തിത്വങ്ങൾക്കുള്ള അംഗീകാരങ്ങളെ, ധാർമ്മികവും സാംസ്കാരികവുമായ മൂല്യസംവർദ്ധനത്തിലേക്ക് ശില്പപ്പെടുത്തുകയാണ്, അവാർഡു സമർപ്പണത്തിലൂടെ നിർവഹിക്കുന്നത് എന്ന തത്വത്തിലൂന്നി, നാമം എക്സലൻസ് അവാർഡുകൾ, ആഗസ്റ്റ് 2ന് സമ്മാനിക്കുന്നു.

വികലമായ അനുകരണ ദോഷം ബാധിക്കാതെ, 2009 മുതൽ പ്രവർത്തിക്കുന്ന സാംസ്കാരിക ജീവകാരുണ്യ സംഘടനയായ നാമത്തിന്റെയും, എം.ബി.എൻ ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന നാമം എക്സലൻസ് അവാർഡ് ഓഗസ്റ്റ് 2 ഞായറാഴ്ച വൈകിട്ട് 5ന് ന്യൂജേഴ്സി റോയൽ ആൽബർട് പാലസിൽ വിവിധ കലാ സാംസ്കാരിക പരിപാടികളോടെ ആഘോഷിക്കുമെന്ന് ഫൗണ്ടറും സെക്രട്ടറി ജനറലുമായ മാധവൻ ബി നായർ, നാമം പ്രസിഡന്റ് പ്രദീപ് മേനോൻ (516)450 8155, നാമം കോർഡിനേറ്റർ സത്യ വൈ (732)213 5613, സെക്രട്ടറി ബിന്ദു സത്യ (732)213 5346, ട്രഷറർ സിറിയക് എബ്രഹാം (732)259 1037 എന്നിവർ പത്രപ്രസ്താവനയിൽ അറിയിച്ചു.

## ഐ.പി.സി ഫാമിലി കോൺഫ്രൻസ് പ്രയർ ലൈൻ പ്രവർത്തനം ആരംഭിക്കുന്നു

– നിബു വെള്ളവന്താനം

ഫ്ളോറിഡ: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ 21-ാമത് നോർത്ത് അമേരിക്കൻ ഫാമിലി കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രാർത്ഥനാ സഹകാരികളെ പങ്കെടുപ്പിച്ചുകൊണ്ട് ഫാമിലി കോൺഫ്രൻസ് പ്രയർലൈൻ പ്രവർത്തനം ആരംഭിക്കുന്നു. പ്രാർത്ഥനാ വിഷയങ്ങൾക്കായുള്ള പ്രയർ ലൈൻ ഉദ്ഘാടനം ജൂലൈ 16 വ്യാഴാഴ്ച വൈകിട്ട് 9 മുതൽ 10 വരെ ഈസ്റ്റേൺ ടൈം നടത്തപ്പെടുമെന്ന് നാഷണൽ പ്രയർ കോർഡിനേറ്റർ പാസ്റ്റർ ഏബ്രഹാം മാത്യൂ അറിയിച്ചു.

സൂം പ്ലാറ്റ്ഫോമിലൂടെ നടത്തപ്പെടുന്ന ഉദ്ഘാടന സമ്മേളനത്തിൽ 8658006 എന്ന നമ്പരിൽ IPCNFC എന്ന പാസ് വേഡ് ഉപയോഗിച്ച് പ്രവേശിക്കാവുന്നതാണ്. അമേരിക്കയിലും കാനഡയിലുമുള്ള നിരവധി പ്രാർത്ഥന സഹകാരികൾ പങ്കെടുക്കുന്ന പ്രഥമ യോഗം പാസ്റ്റർ റോയി വാകത്താനം ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർ ഡോ. ഷിബു തോമസ് മുഖ്യ പ്രഭാഷണം നടത്തും. വെണ്ണിക്കുളം സയോൺ സിംഗേഴ്സ് ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

ആത്മനിറവിൻ ജീവിതം എന്നതാണ് കോൺഫ്രൻസ് ചിന്താവിഷയം. ഫ്ളോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ വെച്ചാണ് 2027 ജൂലൈ 1 മുതൽ 4 വരെ ഐ.പി.സി ഫാമിലി കോൺഫ്രൻസ് നടത്തപ്പെടുന്നത്.

കോൺഫ്രൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ റോയി വാകത്താനം (നാഷണൽ ചെയർമാൻ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (നാഷണൽ സെക്രട്ടറി), ബ്രദർ സാക് ചെറിയാൻ (നാഷണൽ ട്രഷറാർ), സിസ്റ്റർ കൊച്ചുമോൾ ജെയിംസ് (ലേഡീസ് കോർഡിനേറ്റർ), ജോമി ജോർജ് (യൂത്ത് കോർഡിനേറ്റർ), ബ്രദർ നിബു വെള്ളവന്താനം (മീഡിയ കോർഡിനേറ്റർ), പാസ്റ്റർ ഏബ്രഹാം മാത്യൂ (പ്രയർ കോർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഏബ്രഹാം മാത്യൂ 267 575 2555 എന്ന നമ്പറിൽ ബന്ധപ്പെടുക.

4 July - **USA Independence Day**

Independence Day USA is celebrated on 4 July. The United States Independence Day is also known as the Fourth of July or the Fourth. This day commemorates the adoption of the Declaration of Independence on 4 July 1776 from the Kingdom of Great Britain.

6 July - **World Zoonoses Day**

World Zoonoses Day is observed every year on 6 July to emphasise and bring problem awareness amongst people and teach them to take the right action. Do you know the first vaccination against a zoonotic disease was administered by Louis Pasteur on 6 July 1885

## നോർത്ത് അമേരിക്കൻ മലങ്കര കാത്തലിക് കൺവെൻഷൻ 23ന്



– സജി കീക്കാടൻ

ന്യൂയോർക്ക്: മലങ്കര കത്തോലിക്കാ സഭ അമേരിക്ക കാനഡ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പന്ത്രണ്ടാമത് കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

ജൂലൈ 23 മുതൽ 26 വരെ കണക്ടികട്ടിലെ സ്റ്റാഫഡിലുള്ള ഹിൽട്ടൻ ഹോട്ടൽ സമുച്ചയത്തിൽ വച്ച് വൈവിധ്യമാർന്ന വിവിധ പരിപാടികളോടെ നാല് ദിനരാത്രങ്ങൾ നീണ്ടുനിൽക്കുന്ന കൺവെൻഷൻ പ്രോഗ്രാം അരങ്ങേറും. അമേരിക്കയുടെയും കാനഡയിലെയും വിവിധ സ്റ്റേറ്റുകളിൽ നിന്നും അനേകം സഭാ വിശ്വാസികൾ ഇതിനോടകം കൺവെൻഷന് രജിസ്റ്റർ ചെയ്ത് കഴിഞ്ഞു.

മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ബസേലിയോസ് ക്ലിമിസ് കാതോലിക്കാബാവ, ഡോ.ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത (ബത്തേരി ഭദ്രാസനം), ഡോ.തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത (പാറശ്ശാല ഭദ്രാസനം), ഡോ. മാത്യൂസ് മാർ പക്കോമിയോസ് (പൂനെ ഭദ്രാസനം), ഡോ. കുറിയാക്കോസ് മാർ ഒസ്താത്തിയോസ് (യുകെ യൂറോപ്പ്), ഡോ.യൂഹാനോൻ മാർ അലക്സിയോസ് (തിരുവനന്തപുരം) തുടങ്ങിയ പിതാക്കന്മാർ ഈ വർഷത്തെ കൺവെൻഷനിൽ മുഖ്യ അതിഥികളായി എത്തിച്ചേരും.

തിരുവനന്തപുരം മലങ്കര മേജർ സെമിനാരി പ്രൊഫസർ റവ. ഡോ. ജോളി കരിമ്പിൽ കൺവെൻഷന്റെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

ഈ വർഷത്തെ കൺവെൻഷന്റെ മുഖ്യ ചിന്താവിഷയമായ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുക എന്നതിനെ ആസ്പദമാക്കി വിവിധ പഠന ശിബിരങ്ങളും വിവിധ പരിപാടികളും അരങ്ങേറും. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കും.

ആഘോഷമായ സമൂഹ ബലി, അല്മായ സംഗമം, യുവജന സമ്മേളനം, സുവിശേഷ സന്ധ്യ, സൺഡേ സ്കൂൾ കുട്ടികളുടെ സംഗമം, നേതൃത്വ പരിശീലന സെമിനാർ, ക്വിസ് മത്സരം, കൾച്ചറൽ പ്രോഗ്രാം, കായിക മത്സരങ്ങൾ, വിവിധ ചർച്ചാ ക്ലാസുകൾ, പൊതുസമ്മേളനം തുടങ്ങിയ പരിപാടികൾ ഈ വർഷത്തെ പ്രോഗ്രാമിന്റെ ഹൈലൈറ്റുകൾ ആണ്.

പരിപാടികളുടെ വിജയത്തിനായി ഭദ്രാസന അധ്യക്ഷൻ മോസ്റ്റ്. റവ.ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത ചെയർമാനായും വികാരി ജനറൽ മോൺസിംഗോർ അഗസ്റ്റിൻ മംഗലത്ത് കോർ എപ്പിസ്കോപ്പ ജനറൽ കൺവീനറായും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റിൻസി മനോജ് ജനറൽ സെക്രട്ടറിയായും, വെരി. റവ. ഡോ. സജി മുക്കൂട്ട് ജനറൽ പ്രോഗ്രാം കോഡിനേറ്റർ ആയും റവ.ഫാദർ.നോബി അയ്യനേത്ത് ജനറൽ പ്രോഗ്രാം കോ കോഡിനേറ്റർ ആയും വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു

## ഉഷാ നായരുടെ കവിതപുസ്തകം ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ പ്രകാശിപ്പിച്ചു



– പ്രദീപ് ചിണ്ടൻ

മാവേലിക്കര: ഡാളസ്സിൽ കുടുംബസമേതം താമസിക്കുന്ന ഉഷാ നായരുടെ ആദ്യകവിതാ പുസ്തകം ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ മാവേലിക്കര എ.ആർ.രാജരാജവർമ്മ സ്മാരകത്തിൽവച്ച് ആലപ്പുഴ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.രഘുപ്രസാദ് ഡോ.ഹരീഷിന് നൽകി പ്രകാശനം ചെയ്തു. മുഖം ബുക്സ് എഡിറ്റർ അനിൽ പെണ്ണുക്കരയാണ് പുസ്തക പ്രസാധകൻ.

ഡോ. പ്രദീപ് ഇറവങ്കര പുസ്തക പരിചയം നടത്തി. വായന പ്രസിഡന്റ് പ്രൊഫ.വി.രാധാമണിക്കുഞ്ഞമ്മ, പ്രൊഫ.ജി.ചന്ദ്രശേഖരൻനായർ, നല്ലമുട്ടം പ്രസാദ്, ബിന്ദു ആർ തമ്പി, ജോർജ് തഴക്കര എന്നിവർ പ്രസംഗിച്ചു.

കവിത എന്നും തന്റെ ജീവിതത്തിന് കുളിർമയേകുന്ന അനുഭവങ്ങളാണെന്നും കുടുംബവും സുഹൃത്തുക്കളും ഉന്മേഷം പകർന്നപ്പോൾ കവിതയെഴുത്ത് തുടരുകയായിരുന്നുവെന്നും ഉഷ നായർ മറുപടി പ്രസംഗത്തിൽ പറഞ്ഞു. കെ.എൽ.എസ്, ലാനാ തുടങ്ങിയ സംഘടനകളുടെ പ്രോത്സാഹനവും തനിക്കു ലഭിച്ചുവെന്ന് കൂട്ടിച്ചേർത്തു.

# ഫൊക്കാന 2026 കൺവെൻഷനിൽ മിസ് ഫൊക്കാന മത്സരം; വിജയിക്ക് മലയാള സിനിമയിൽ അവസരം

– ശ്രീകുമാർ ഉണ്ണിത്താൻ




ന്യൂയോർക്ക്: ഫൊക്കാന വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഫൊക്കാന 2026 കൺവെൻഷനോടനുബന്ധിച്ച് സംഘടിപ്പിക്കുന്നമിസ് ഫൊക്കാന സൗന്ദര്യപ്രതിഭാ മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. കേരളത്തിന്റെ സൗന്ദര്യവും പാരമ്പര്യവും ആഘോഷിക്കുന്ന പരിപാടിയായയാണ് മത്സരം സംഘടിപ്പിക്കുന്നത്.

15 മുതൽ 25 വയസ് വരെയുള്ള അവിവാഹിതരായ മലയാളി യുവതികൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹത. മത്സരാർത്ഥികൾ ഫൊക്കാന കൺവെൻഷനിൽ രജിസ്റ്റർ ചെയ്തിരിക്കുകയോ ഡേ പാസ് വാങ്ങിയിരിക്കുകയോ വേണം. ജൂലൈ 15, 2026നകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് സംഘാടകർ അറിയിച്ചു. രജിസ്ട്രേഷന്റെ അവസാന തീയതി ജൂലൈ ഒന്നാണ്.

മത്സരം മൂന്ന് റൗണ്ടുകളായയാണ് നടക്കുക. ആദ്യ റൗണ്ടിൽ കേരള പാരമ്പര്യത്തെ ആസ്പദമാക്കിയ വസ്ത്രധാരണവും സ്വയംപരിചയപ്പെടുത്തലും ഉണ്ടായിരിക്കും. രണ്ടാം റൗണ്ടിൽ മത്സരാർത്ഥികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കുന്ന ടാലന്റ് റൗണ്ടും മൂന്നാമതായി ഈവനിംഗ് ഗൗണും ചോദ്യോത്തര റൗണ്ടും നടക്കും.

പെൻസിൽവാനിയയിലെ കൽഹാരി റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിലാണ് മത്സരം നടക്കുന്നത്. ഓഗസ്റ്റ് 8ന് രാവിലെ പരിപാടികൾ ആരംഭിക്കും.

മത്സര വിജയിക്കൊപ്പം ഒന്നാം റണ്ണർഅപ്പിനും രണ്ടാം റണ്ണർഅപ്പിനും ക്യാഷ് പ്രൈസുകൾ നൽ കും. മിസ് ഫൊക്കാന ടൈറ്റിൽ വിജയിക്ക് ഒരു മലയാള സിനിമയിൽ അഭിനയിക്കാനുള്ള അവസരവും ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഫൊക്കാന വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് മത്സരം സംഘടിപ്പിക്കുന്നത്. സരൂപ അനിൽ ചെയർപേഴ്സണായും പ്രിയ ലൂയിസ് കോചെയറായും പ്രവർത്തിക്കുന്നു. മേരിക്കുട്ടി മൈക്കിൾ, മേരി ഫിലിപ്പ്, ബെറ്റ്സി സണ്ണി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും

സരൂപ അനിലിനെ +1 (703) 400 9937 എന്ന നമ്പരിലും പ്രിയ ലൂയിസിനെ +1 (646) 704 9472 എന്ന നമ്പരിലും ബന്ധപ്പെടാവുന്നതാണ്.

# പൊതുപാഠശാലകളിൽ ബൈബിൾ വായന നിർബന്ധമാക്കി ടെക്സസ് അമേരിക്കയിൽ ആദ്യ സംസ്ഥാനം

– പ്രസാദ് തീയാടിക്കൽ

ടെക്സസ്: അമേരിക്കയിലെ പൊതുപാഠശാലകളിൽ വിദ്യാർത്ഥികൾക്കായി ബൈബിളിലെ തിരഞ്ഞെടുത്ത ഭാഗങ്ങൾ നിർബന്ധിത വായനയായി ഉൾപ്പെടുത്തുന്ന പുതിയ വിദ്യാഭ്യാസ നയത്തിന് ടെക്സസ് സ്റ്റേറ്റ് ബോർഡ് ഓഫ് എജ്യുക്കേഷൻ അന്തിമ അംഗീകാരം നൽകി. ഇതോടെ ഇത്തരമൊരു നടപടി സ്വീകരിക്കുന്ന അമേരിക്കയിലെ ആദ്യ സംസ്ഥാനമായി ടെക്സസ് മാറി.

പുതിയ നിർബന്ധിത വായനാപട്ടികയിൽ ബൈബിളിലെ വിവിധ ഭാഗങ്ങൾക്കൊപ്പം മറ്റ് ക്ലാസിക് സാഹിത്യകൃതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏഴാം ക്ലാസ് മുതൽ ബൈബിളിലെ ചില ഭാഗങ്ങൾ വായനാപദ്ധതിയുടെ ഭാഗമാകുകയും, ഹൈസ്കൂൾ തലത്തിൽ കൂടുതൽ ഭാഗങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യും. പദ്ധതി 2030 മുതൽ ഘട്ടംഘട്ടമായി നടപ്പാക്കാനാണ് തീരുമാനം.

ഈ തീരുമാനത്തെ അനുകൂലിക്കുന്നവർ അമേരിക്കയുടെ ജൂതക്രൈസ്തവ പൈതൃകം വിദ്യാർത്ഥികൾ അറിയേണ്ടതുണ്ടെന്ന് വാദിക്കുമ്പോൾ, എതിർക്കുന്നവർ ഇത് ഭരണഘടന ഉറപ്പുനൽകുന്ന സഭയും സംസ്ഥാനവും തമ്മിലുള്ള വേർതിരിവിന്റെ തത്വത്തിന് വിരുദ്ധമാണെന്നും മതസ്വാതന്ത്ര്യത്തെ ബാധിക്കുമെന്നും ആരോപിച്ചു. വിഷയത്തിൽ രാജ്യവ്യാപകമായ ചർച്ചകൾക്ക് തുടക്കമായിട്ടുണ്ട്.

# ഐ.ഒ.സി പെൻസിൽവാനിയ ചാപ്റ്ററിനു പുതിയ ഭാരവാഹികൾ



– കോര ചെറിയാൻ

ഫിലാഡൽഫിയാ: ഇൻഡ്യൻ ഓവർസീസ് കോൺഗ്രസ്സ് പെൻസിൽവാനിയ ചാപ്റ്ററിന്റെ പമ്പ ഓഫീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ 2026-2027 ലേക്കുള്ള ഭരണസമിതിയുടെ പൊതു തെരഞ്ഞെടുപ്പ് നടത്തി.

ചെയർമാനായി സാബു സ്കറിയായും, പ്രസിഡന്റായി സുമോദ് തോമസ് നെല്ലിക്കാലായും, ജനറൽ സെക്രട്ടറിയായി നൈനാൻ മത്തായിയും, ട്രഷററായി തോമസുകുട്ടി വർഗീസും ഐക്യകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പ് നടപടികൾ ജോർജ് ഓലിയ്ക്കലിനൊടൊപ്പം കുര്യൻ രാജന്റെയും സാബു സ്കറിയയുടെയും സുമോദ് നെല്ലിക്കാലായുടെയും അലക്സ് തോമസിന്റെയും നേതൃത്വത്തിൽ തികച്ചും ശാന്തമായും സമാധാനപരമായും നടന്നു. രാഷ്ട്രീയ സാമൂഹ്യ സംഘടന നേതൃത്വത്തിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പുകളിൽ സാധാരണമായിട്ടുള്ള അപസ്വരങ്ങളോ യുക്തിസഹജമായ വിവാദങ്ങളോ അശേഷം ഇല്ലാതെ സസന്തോഷം ഏവരും സഹകരിച്ച സമ്മേളനത്തിന്റെ അദ്ധ്യക്ഷപദവിയെ അർപ്പണബോധത്തോടെ നിർവ്വഹിച്ച ഓലിക്കലിന്റെ മാനസിക സംയമനവും വ്യക്തിപ്രഭയും അത്യധികം അഭിനന്ദനീയമായിരുന്നു.

ആത്മീക തലത്തിൽ ഡയോസീസ് കൗൺസിൽ മെമ്പറായും മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയ ബോർഡ് ഓഫ് ട്രസ്റ്റിയായും അമേരിക്കയിലും, കേരളത്തിൽ എം.എ. കോളേജിലും കോതമംഗലം അലുമ്നി പ്രസിഡന്റായും സുദീർഘ സേവനം ചെയ്ത സാബു സ്കറിയായുടെ അനുഭവ സമ്പത്ത് തികച്ചും പ്രശംസനീയമാണ്.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സുമോദ് തോമസ് നെല്ലിക്കാലാ കോവിഡ് 19 പകർച്ചവ്യാധി കാലഘട്ടം തികച്ചും ത്യാഗമനസ്ക്കനായി നിസ്വാർത്ഥം മലയാളികൾക്കുവേണ്ടിയും വിവിധ സാമൂഹ്യ സംഘടനകൾക്കുവേണ്ടിയും അനുഷ്ഠിച്ച സേവനങ്ങൾഫിലാഡൽഫിയ മലയാളികളുടെ മനസ്സിൽ മങ്ങാതെ ഇപ്പോഴും നിലനിൽക്കുന്നു. കോവിഡ് നിർമ്മാർജ്ജനത്തിനും നിവാരണത്തിനുമായി അനേകായിരം എൻ 95 മാസ്കുകളും സാനിറ്റൈസറുകളും സൗജന്യമായി വിതരണം ചെയ്ത സുമോദിന്റെ കർത്തവ്യബോധവും അർപ്പണ മനസ്ഥിതിയും അഭികാമ്യമാണ്. സുമോദിന്റെ സാമൂഹ്യ സേവനങ്ങളെ അഭിനന്ദിച്ച് ഫിലഡൽഫിയ പോലീസ് കമ്മീഷണറിന്റെ സർവ്വീസ് അവാർഡ് കരസ്ഥമാക്കുവാനുള്ള സൗഭാഗ്യവും സുമോദിനു ലഭിച്ചു.

ഐ.ഒ.സി ജനറൽ സെക്രട്ടറി പദവിയിൽ എത്തിയ നൈനാൻ മത്തായി, അമേരിക്കയിൽ എത്തിയ കുടിയേറ്റക്കാരായ റഷ്യൻ വൃദ്ധസമൂഹത്തിന്റെ ഉന്നതിക്കും പരിചരണത്തിനുമായി സ്പെഷ്യൽ അഡൾട്ട് ഡേ കെയർ ആരംഭിക്കുന്നതിനായി ശാരീരികമായും മാനസികമായും സാമ്പത്തികമായും ചെയ്ത സേവനങ്ങൾ തികച്ചും നിർലോഭം ആയിരുന്നു. വേൾഡ് മലയാളി ഗ്ലോബൽ കോർഡിനേറ്ററായും ഇൻഡ്യൻ കമ്മ്യൂണിറ്റിയിലെ കുട്ടികളുടെ ഭൗതിക ആത്മീക ഉന്നമനത്തിനായി സൺഡേ സ്കൂൾ പ്രിൻസിപ്പാൾ അടക്കമുള്ള വിവിധ മേഖലകളിൽ തുടർച്ചയായി മത്തായി സേവനം അനുഷ്ഠിക്കുന്നു.

വേൾഡ് മലയാളി കൗൺസിലിലും വിവിധ ക്രൈസ്തവ മലയാളി അസോസിയേഷനുകളിലും ഹാർദ്ദവമായി പ്രവർത്തിച്ചതിനോടൊപ്പം പല ജീവകാരുണ്യ സംഘടനക്കും സാമ്പത്തികമായി സഹായിക്കുകയും ചെയ്യുന്ന തോമസ്കുട്ടി വറുഗീസ് ഐ.ഒ.സിയുടെ ട്രഷററായി നിയമിതനായി.

# ഡബ്ല്യു.എം.സി വാൻകൂവർ പ്രൊവിൻസ് സ്ഥാനാരോഹണവും അവാർഡ് നിശയും നടന്നു



കാനഡ: വേൾഡ് മലയാളി കൗൺസിൽ വാൻകൂവർ പ്രൊവിൻസ് സ്ഥാനാരോഹണ ചടങ്ങും അവാർഡ് നിശയും വിപുലമായ ജനപങ്കാളിത്തത്തോടെയും ആഘോഷപൂർവമായ അന്തരീക്ഷത്തിലും നടന്നു. സമൂഹത്തിലെ പ്രമുഖർ, അംഗങ്ങൾ, സ്പോൺസർമാർ, വിവിധ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ ഔദ്യോഗികമായി വാൻകൂവർ പ്രവിശ്യ ഉദ്ഘാടനം ചെയ്തു. തുടർന്ന് അമേരിക്ക റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിൽ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. അമേരിക്ക റീജിയൻ വിമൻസ് ഫോറം പ്രസിഡന്റ് ലക്ഷ്മി പീറ്റർ ആശംസപ്രസംഗം നടത്തി.

ലിറ്റി ജോർജ് (പ്രസിഡന്റ്), അനി ഫിലിപ്പ് (ചെയർപേഴ്സൺ), ഉല്ലാസ് മാത്യു (സെക്രട്ടറി), സുനിൽ തോമസ് (ട്രഷറർ), ജോജോ കുര്യൻ (വി.പി. ഓർഗ്), പ്രിസ്കില്ല ഓമ്മൻ (ജോയിന്റ് സെക്രട്ടറി), റോഷിൻ റോയ് (ജോയിന്റ് ട്രഷറർ), ആൽബിൻ ജോർജ് (വി.പി. അഡ്മിൻ), ജോർജ് വർഗീസ്, നീന ചെറിയാൻ, സജ്ന കരീം, സനൽ ജോൺ, അനൂപ് രാജശേഖരൻ, ജെയിംസ് തെക്കേക്കര എന്നിവർ ചുമതലയേറ്റു. ▶

## ഡോ. ഷൈനി രാജു ഫൊക്കാന വിമൻസ് ഫോറം ചെയർ സ്ഥാനാർഥി

– ജോർജ് തുമ്പയിൽ



ഫൊക്കാന വിമൻസ് ഫോറം ചെയർ സ്ഥാനാർത്ഥിയായി ഇന്റഗ്രിറ്റി പാനലിൽ ഡോ. ഷൈനി രാജു മത്സരിക്കുന്നു.

വിമെൻസ് ഫോറം എക്സിക്യൂട്ടിവ് കമ്മിറ്റി മെംബർ, റീജണൽ വിമെൻസ് ഫോറം കോർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെംബർ തുടങ്ങി നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മതസാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക, അദ്ധ്യാപിക, ഹെൽത്ത് കെയർ പ്രൊഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് ഡോ. ഷൈനി രാജു. ഫൊക്കാനയുടെ വിവിധ കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗമായിരുന്നു.

ന്യൂ ജേഴ്സിയിലെ എസക്സ് കൗണ്ടി കോളേജ്, കേൾഡ്വെൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ മാത്തമാറ്റിക്സ് അദ്ധ്യാപികയായി സേവനം ചെയ്യുന്ന ഡോ.ഷൈനി ഒരു ഹെൽത്ത് കെയർ പ്രൊഫഷണൽ കുടിയാണ്. എസക്സ് കൗണ്ടി കോളേജിൽ റേഡിയോളജി വിഭാഗത്തിൽ ക്ലിനിക്കൽ കോർഡിനേറ്റർ കൂടിയാണ്.

കേരളത്തിൽ നിന്നും മാത്തമാറ്റിക്സിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഡോ.ഷൈനി ന്യൂ ജേഴ്സി സ്റ്റേറ്റ് കോളേജിൽ നിന്നും എം.എസും, അതിന് ശേഷം പിഎച്ച്ഡിയും കരസ്ഥമാക്കി. മാത്തമാറ്റിക്സിൽ പിഎച്ച്ഡിയുള്ള ചുരുക്കം ചില ആളുകളിൽ ഒരാളാണ്. ഭർത്താവ് അറിയപ്പെടുന്ന ഗായകൻ കൂടിയായ രാജു ജോയി ഇപ്പോൾ മഞ്ചിന്റെ പ്രസിഡന്റ് ആണ്.

## ഡബ്ല്യു.എം.സി വാൻകൂവർ പ്രൊവിൻസ് സ്ഥാനാരോഹണവും അവാർഡ് നിശയും നടന്നു

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ നേതൃത്വത്തിന്റെ പേരിൽ ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടയ്ക്കൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ ട്രഷറർ സണ്ണി വലിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അമേരിക്ക ഇൻചാർജ്) ഡോ. തങ്കം അരവിന്ദ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടവരെ അഭിനന്ദനം അറിയിച്ചു.

അമേരിക്ക റീജിയൻ ചെയർമാൻ ഡോ. ഷിബു സാമുവൽ, റീജിയൻ ജനറൽ സെക്രട്ടറി മഞ്ജു നീലിവീട്ടിൽ, റീജിയൻ ട്രഷറർ മോഹൻ ആറുമുഖം എന്നിവരും ആശംസകൾ നേർന്നു.

വാൻകൂവർ പ്രവിശ്യയുടെ രൂപീകരണവും സ്ഥാനാരോഹണവും വേൾഡ് മലയാളി കൗൺസിലിന്റെ ആഗോള വളർച്ചയിലേക്കുള്ള മറ്റൊരു സുപ്രധാന ചുവടുവയ്പ്പാണെന്ന് ജെയിംസ് കൂടൽ പറഞ്ഞു.

## എഡ്മണ്ടൺ ബെൽറ്റ് ഗ്രേഡിംഗ് ചടങ്ങ് വിജയകരമായി

കാനഡ: എഡ്മണ്ടണിൽ കരാട്ടെ പരിശീലനം നൽകുന്ന എസ്ഐഎംഎഎ കേരള എഡ്മണ്ട് ചടങ്ങ് വിജയകരമായി. വിദ്യാർത്ഥികളുടെ കഠിനാധ്വാനവും സ്ഥിരമായ പരിശീലനവും അംഗീകരിക്കുന്നതിനായി സംഘടിപ്പിച്ച ചടങ്ങിൽ ബ്ലൂ ബെൽറ്റ്, ഗ്രീൻ ബെൽറ്റ്, ഓറഞ്ച് ബെൽറ്റ്, യെല്ലോ ബെൽറ്റ് വിഭാഗങ്ങളിലായി വിദ്യാർത്ഥികൾ അവരുടെ പുതിയ ബെൽറ്റ് നിലവാരങ്ങളിലേക്ക് ഉയർന്നു.

മുഖ്യാതിഥികളായി ഫാ.തോമസ് പൂതിക്കോട്ട്, റിലേറ്റർ റെജോ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

7 July - **World Chocolate Day**

The day is observed on July 7 as on this date in 1550, chocolate was first brought to Europe. World Chocolate Day is celebrated in different countries on different days.

## ബസേലിയോസ് ക്ലീമീസ് ബാവായുടെ മെത്രാഭിഷേക രജതജൂബിലിക്ക് തുടക്കം



– ഡോ. ജോർജ് എം. കാക്കനാട്

വത്തിക്കാൻ: മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യൂറോപ്പ്‌യുകെ കൺവെൻഷൻ 2026ന്റെ ഭാഗമായി സഭയുടെ തലവൻ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി വത്തിക്കാൻ സിറ്റിയിൽ നടത്തി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡ് സെക്രട്ടറിയായ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് സ്വാഗതം പറഞ്ഞു. വിശുദ്ധ തോമാ ശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യവും, പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണം വിശ്വസ്തതയോടെ മുന്നോട്ട് നയിക്കുന്ന മലങ്കര സഭയുടെ ഇടയ ശ്രേഷ്ഠനാണ് കാതോലിക്കാ ബാവായെന്ന് അദ്ദേഹം പ്രസംഗത്തിൽ വിശേഷിപ്പിച്ചു. വിശുദ്ധ പത്രോസിന്റെ പിൻഗാമിയുടെ സിംഹാസനവും അപ്പോസ്തോലന്മാരുടെ കേന്ദ്രവുമായ റോമിൽ ഒത്തുകൂടുന്നത് ആഗോള സഭയുമായുള്ള മലങ്കര സഭയുടെ കൂട്ടായ്മയുടെ ജീവസ്സുറ്റ ആവിഷ്കാരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

അക്കാലത്തെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായി തിരഞ്ഞെടുത്തതിൽ പരിശുദ്ധാത്മാവിന്റെ ഇടപെടൽ ഉണ്ടായിരുന്നതായി ആർച്ച് ബിഷപ്പ് മാർ കൂറിലോസ് അനുസ്മരിച്ചു. കർദിനാൾ ക്ലീമീസ് ബാവായുടെ നേതൃത്വത്തിൽ മാർ ഈവാനിയോസിന്റെ ദർശനങ്ങൾ സഭയുടെ മിഷണറി പ്രവർത്തനങ്ങളെയും ആഗോള സാന്നിധ്യത്തെയും ശക്തിപ്പെടുത്തിക്കൊണ്ട് അഭിവൃദ്ധിപ്പെടുകയാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

മതസംഭാഷണത്തിനായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ട് അത്യുന്നത കർദിനാൾ ജോർജ് കൂവക്കാട്, പൗരസ്ത്യ സഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ സെക്രട്ടറി ആർച്ച് ബിഷപ്പ് മൈക്കൽ ജലാഖ് ഒ.എ.എം, യൂറോപ്പിലെയും യുകെയിലെയും അപ്പോസ്തോലിക് വിസിറ്റേറ്റർ ബിഷപ്പ് കുര്യാക്കോസ് മാർ ഒസ്താത്തിയോസ്, അല്മായരെ പ്രതിനിധീകരിച്ച് യൂറോപ്പിലെ നാഷണൽ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റ് സെബിൻ പുലിപ്ര എന്നിവരുൾപ്പെടെ മുഴുവൻ പേരെയും ആർച്ച് ബിഷപ്പ് സ്വാഗതം ചെയ്തു. ജുബൽ സാജിയാണ് പരിപാടിയുടെ അവതാരകനായിരുന്നത്.

കർദിനാൾ ജോർജ് കൂവക്കാട് മലങ്കര സഭയ്ക്കും ആഗോള സഭയ്ക്കും കർദിനാൾ ക്ലീമീസ് ബാവാ നൽകുന്ന മാതൃകാപരമായ നേതൃത്വത്തെയും സമർപ്പിത സേവനത്തെയും ആശംസാപ്രസംഗത്തിൽ പ്രകീർത്തിച്ചു. അദ്ദേഹത്തെ കർദിനാൾ പദവിയിലേക്ക് ഉയർത്തിയതിനെ പരാമർശിച്ചുകൊണ്ട്, കാതോലിക്കാ ബാവാ ദൈവവിളിയോട് ഉദാരമായി പ്രതികരിക്കുകയും പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ശ്രദ്ധേയമായ ശബ്ദമായി മാറുകയും ചെയ്തുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സഭൈക്യ ശ്രമങ്ങൾ, മതസൗഹാർദ്ദം, ഇടയനേതൃത്വം, സുവിശേഷവൽക്കരണം എന്നിവയിൽ കർദിനാൾ ക്ലീമീസ് ബാവാ നൽകിയ മികച്ച സംഭാവനകളെ അദ്ദേഹം എടുത്തുപറഞ്ഞു. ബാവായുടെ കാരുണ്യവും ലാളിത്യവും, സുവിശേഷത്തോടുള്ള വിശ്വസ്തതയും, സഭയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും ലോകമെമ്പാടുമുള്ള എണ്ണമറ്റ വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

കാതോലിക്കാ ബാവായുടെ ജീവിതത്തെയും ശുശ്രൂഷകളെയും ആസ്പദമാക്കിയുള്ള പ്രത്യേക ജൂബിലി വീഡിയോ ചടങ്ങിൽ പ്രദർശിപ്പിച്ചു. തുടർന്ന് ജൂബിലി തിരി തെളിക്കലും കേക്ക് മുറിക്കലും നടന്നു.

പൗരസ്ത്യ സഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ സെക്രട്ടറി ആർച്ച് ബിഷപ്പ് മൈക്കൽ ജലാഖ്, ഒരു ഇടയന്റെ കീഴിൽ ഒരു ആട്ടിൻകൂട്ടമായിവിശ്വാസത്തിൽ ഒരുമിച്ച് യാത്ര ചെയ്യാൻ ആഹ്വാനം ചെയ്ത ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സുസ്ഥിരമായ ദർശനത്തെക്കുറിച്ച് സംസാരിച്ചു. ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ്, സിറിൾ മാർ ബസേലിയോസ് കാതോലിക്കാ ബാവാ എന്നിവർക്ക് ശേഷം, കർദിനാൾ ക്ലീമീസ് ബാവായുടെ നേതൃത്വത്തിൽ മലങ്കര സഭ കൈവരിച്ച മിഷണറി ചലനാത്മകതയെ അദ്ദേഹം എടുത്തു പറഞ്ഞു. സഭയുടെ സുവിശേഷവൽക്കരണ ദൗത്യം ഇപ്പോൾ കേരളത്തിനും ഇന്ത്യയ്ക്കും അപ്പുറത്തേക്ക് ലോകം മുഴുവൻ സഭ വ്യാപിച്ചിരിക്കുകയാണെന്നും, മാർ ഈവാനിയോസ് വിഭാവനം ചെയ്ത ഐക്യത്തിന്റെയും കൂട്ടായ്മയുടെയും സുവിശേഷവൽക്കരണത്തിന്റെയും ദർശനങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് എല്ലാവർക്കും പ്രത്യാശ പകരുകയാണെന്നും അദ്ദേഹം നിരീക്ഷിച്ചു.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തെയും ദർശനത്തെയും സഭയുടെ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ ഭാവി പ്രവർത്തനങ്ങളും വെല്ലുവിളികളും എന്ന വിഷയങ്ങളെ ആസ്പദമാക്കി റവ. ഡോ. തോംസൺ, റവ. ഡോ. ലൂയിസ് ചാരുവിള പുത്തൻവീട് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സഭാ ഐക്യത്തോടുള്ള സ്ഥാപകന്റെ അചഞ്ചലമായ പ്രതിബദ്ധത, മിഷനറി ചൈതന്യം, ആഗോള സഭയുമായുള്ള കൂട്ടായ്മ എന്നിവയെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭ ലോകമെമ്പാടും കൈവരിച്ച ശ്രദ്ധേയമായ വളർച്ച മാർ ഈവാനിയോസിന്റെ ദർശനങ്ങളുടെയും ത്യാഗങ്ങളുടെയും ജീവിക്കുന്ന സാക്ഷ്യമാണെന്ന് അവർ ഊന്നിപ്പറഞ്ഞു.

റോമിലെ മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം കാതോലിക്കാ ബാവായോടുള്ള ആദരസൂചകമായി ജൂബിലി ഗാനം അവതരിപ്പിച്ചു. ചടങ്ങിൽ വെച്ച് സിനഡൽ കമ്മീഷൻ ഫോർ മൈഗ്രന്റ്സിന്റെ പുതിയ വെബ്സൈറ്റ് ഔദ്യോഗികമായി ലോഞ്ച് ചെയ്തു. ലോകമെമ്പാടുമുള്ള പ്രവാസി വിശ്വാസികൾക്ക് സഭയുമായും അതിന്റെ ആസ്ഥാനവുമായുള്ള ആശയവിനിമയവും ആത്മീയ പരിചരണവും കൂടുതൽ ശക്തമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അപ്പോസ്തോലിക് വിസിറ്റേറ്ററുടെയും റവ.ഫാ.തോംസണിന്റെയും മാർഗ്ഗനിർദ്ദേശത്തിലായിരിക്കും ഈ പ്രൊജക്റ്റ് പ്രവർത്തിക്കുക.

മറുപടി പ്രസംഗത്തിൽ, ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ തനിക്കായി ഒരുക്കിയ ഈ ആഘോഷത്തിൽ പങ്കെടുത്ത കർദിനാൾ ജോർജ് കൂവക്കാട്, ആർച്ച് ബിഷപ്പ് മൈക്കൽ ജലാഖ്, റോമൻ ക്യൂരിയയിലെ പ്രതിനിധികൾ, മെത്രാന്മാർ, വൈദികർ, സന്യാസിനികൾ, വിശ്വാസികൾ എന്നിവരോട് അഗാധമായ നന്ദി രേഖപ്പെടുത്തി. തന്റെ 40 വർഷത്തെ വൈദിക ജീവിതത്തെയും 25 വർഷത്തെ മെത്രാൻ ശുശ്രൂഷയെയും കുറിച്ച് ചിന്തിക്കുമ്പോൾ, തന്റെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ വിളിയെക്കുറിച്ച് തനിക്ക് ഒരിക്കലും സംശയമുണ്ടായിട്ടില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. ▶

## ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ മാനസികാരോഗ്യ അവധി നൽകാൻ ഹാരിസ് കൗണ്ടി

**- പി.പി ചെറിയാൻ**

ഹൂസ്റ്റൺ: ഹാരിസ് കൗണ്ടിയിലെ ജീവനക്കാർക്ക് മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും മനസ്സ് ശാന്തമാക്കുന്നതിനുമായി ശമ്പളത്തോടുകൂടിയ പ്രത്യേക അവധി നൽകുന്ന കാര്യം അധികൃതർ പരിഗണിക്കുന്നു. ഹാരിസ് കൗണ്ടി ജഡ്ജിയായ ലിന ഹിഡാൽഗോയാണ് കമ്മീഷണർ കോടതിയിൽ ഈ നിർദ്ദേശം മുന്നോട്ടുവെച്ചത്.

മാനസികാരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് മാത്രമല്ല, അനാഥക്കുട്ടികൾ, ഗാർഹിക പീഡനത്തിന് ഇരയായവർ, വയോധികർ തുടങ്ങിയവരുമായി നിരന്തരം ഇടപഴകി കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കൗണ്ടി ജീവനക്കാർക്കെല്ലാം ഈ അവധി പ്രയോജനപ്പെടും. ഇതിനകം തന്നെ ഹാരിസ് കൗണ്ടിയിലെ ഷെരീഫ് ഓഫീസിലും ഹാരിസ് ഹെൽത്തിലും ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരം അവധികൾ നൽകിവരുന്നുണ്ട്. ഡാളസ്, ഫോർട്ട് ബെൻഡ് തുടങ്ങിയ ടെക്സാസിലെ മറ്റ് ചില നഗരങ്ങളും നിലവിൽ ജീവനക്കാർക്ക് വെൽനസ് അവധികൾ നൽകുന്നുണ്ട്.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, മാനസികാരോഗ്യ പ്രശ്നങ്ങൾ മൂലം ആഗോളതലത്തിൽ കോടിക്കണക്കിന് പ്രവൃത്തിദിനങ്ങളും വൻ സാമ്പത്തിക നഷ്ടവുമാണ് ഉണ്ടാകുന്നത്.

ഈ പുതിയ നയം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയെക്കുറിച്ച് വരും മാസങ്ങളിൽ പഠനം നടത്തും. ഓഗസ്റ്റിൽ നടക്കുന്ന യോഗത്തിൽ അന്തിമ തീരുമാനമുണ്ടായാൽ, ഈ വർഷം ശരത്കാലത്തോടെ പുതിയ പദ്ധതി പ്രാബല്യത്തിൽ വരുമെന്ന് ലിന ഹിഡാൽഗോ അറിയിച്ചു.

## ബസേലിയോസ് ക്ലിമീസ് ബാവായുടെ മെത്രാഭിഷേക രജതജൂബിലിക്ക് തുടക്കം

കത്തോലിക്കാ ഐക്യത്തിന്റെ ഹൃദയഭൂമിയായ റോമിലും വത്തിക്കാൻ സിറ്റിയിലും യൂറോപ്പ്യുകെ കൺവെൻഷൻ സംഘടിപ്പിച്ചതിന് സംഘാടകർക്ക് അദ്ദേഹം നന്ദി അറിയിച്ചു. റവ. ഫാ. സന്തോഷ് കോയിക്കൽ, റവ. ഡോ. ലൂയിസ് ചാരുവിള പുത്തൻവീട് എന്നിവരെ കോർ എപ്പിസ്കോപ്പപദവിയിലേക്ക് ഉയർത്താനുള്ള പരിശുദ്ധ സിനഡിന്റെ തീരുമാനം കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. യൂറോപ്പിലെ സഭയുടെ വൈദിക ശുശ്രൂഷകൾ കൂടുതൽ ശക്തമാക്കുന്നതിനായി റവ. ഫാ. ജോസഫ് ചേലംബറത്തിനെ ജർമ്മനി, ബെൽജിയം രാജ്യങ്ങളുടെ അസിസ്റ്റന്റ് കോർഡിനേറ്ററായി നിയമിച്ചുകൊണ്ടുള്ള ഉത്തരവും അദ്ദേഹം അറിയിച്ചു.

പ്രാർത്ഥനയോടും കൃതജ്ഞതയോടും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൗത്യത്തോടും ദർശനത്തോടുമുള്ള പുനരർപ്പണത്തോടുംകൂടി ആഘോഷങ്ങൾ സമാപിച്ചു. സഭയുടെ സജീവമായ വളർച്ചയുടെയും, ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സുസ്ഥിരമായ ദർശനത്തിന്റെയും, ദൈവത്തിന്റെയും ജനങ്ങളുടെയും സേവനത്തിൽ 25 വർഷത്തെ മെത്രാൻ ശുശ്രൂഷ പൂർത്തിയാക്കുന്ന ബസേലിയോസ് കർദിനാൾ ക്ലിമീസ് ബാവായുടെ പ്രചോദനാത്മകമായ നേതൃത്വത്തിന്റെയും ശക്തമായ സാക്ഷ്യമായി ഈ ചടങ്ങ് മാറി.

## ഫൊക്കാന ശ്രീമാൻമത്സരം; പാരമ്പര്യവും വ്യക്തിത്വവും ആഘോഷമാക്കുന്ന മലയാളി പുരുഷ കേസരികൾ

**- ശ്രീകുമാർ ഉണ്ണിത്താൻ**

പെൻസിൽവാനിയ: ഫൊക്കാന മെൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ 2026ന്റെ ഭാഗമായി ഫൊക്കാന ശ്രീമാൻ കോൺടെസ്റ്റ് 2026സംഘടിപ്പിക്കുന്നു. കേരളീയ പാരമ്പര്യം, ആത്മവിശ്വാസം, സാംസ്കാരിക അഭിമാനം എന്നിവ ഉയർത്തിക്കാട്ടുന്ന ഈ മത്സരം വടക്കേ അമേരിക്കയിലെ മലയാളി പുരുഷന്മാരുടെ വ്യക്തിത്വവും നേതൃപാടവവും വേദിയിലെത്തിക്കുന്ന വ്യത്യസ്ത പരിപാടിയായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

മത്സരത്തിൽ പങ്കാളികളുടെ വ്യക്തിത്വം, സംസ്കാരബോധം, അവതരണശേഷി, ആശയവിനിമയ കഴിവ്, ആത്മവിശ്വാസം എന്നിവ വിവിധ ഘട്ടങ്ങളിലൂടെ വിലയിരുത്തും. ട്രഡിഷണൽ അറ്റയർ, എക്സ്പ്രഷൻ റൗണ്ട്, ചോദ്യോത്തരവിജ്ഞാന റൗണ്ട് എന്നീ മൂന്ന് പ്രധാന ഘട്ടങ്ങളാണ് മത്സരത്തിനുള്ളത്. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന വേഷവിധാനവും അവതരണവും മത്സരത്തിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും.

വ്യക്തിത്വം, സംസ്കാരം, ആകർഷണീയത എന്നീ മൂല്യങ്ങളെ മുൻനിർത്തി രൂപകൽപ്പന ചെയ്തിരിക്കുന്ന ഫൊക്കാന ശ്രീമാൻ മത്സരം, വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ പുതിയ മാതൃക സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ. ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവാനിയയിലെ കൽഹാരി റിസോർട്ടിൽ നടക്കുന്ന ഫൊക്കാനയുടെ അന്തർദേശീയ കൺവൻഷനിലെ ശ്രദ്ധേയ പരിപാടികളിലൊന്നായിരിക്കും ഈ മത്സരം എന്ന് മെൻസ് ഫോറം ചെയർ ലിജോ ജോൺ, കമ്മിറ്റി മെമ്പേഴ്സ് കൃഷ്ണരാജ് മോഹൻ, സുബിൻ മാത്യു, സാജ് കവിന്റരികത്ത്, ജിൻസ് മാത്യു, ഫോബി പോൾ എന്നിവർ അറിയിച്ചു.

## ഫൊക്കാന പ്രസിഡന്റ് സ്ഥാനത്തേക്ക് ഫിലിപ്പോസ് ഫിലിപ്പ് നാമനിർദേശ പത്രിക സമർപ്പിച്ചു



ന്യൂജേഴ്സി: ഫൊക്കാന 2026-2028 കാലയളവിലേക്കുള്ള പ്രസിഡന്റ് സ്ഥാനാർത്ഥിയായി ഫിലിപ്പോസ് ഫിലിപ്പ് നാമനിർദേശ പത്രിക സമർപ്പിച്ചു. ന്യൂജേഴ്സിയിൽ പ്രത്യേകം സംഘടിപ്പിച്ച ചടങ്ങിൽ ഫൊക്കാന തിരഞ്ഞെടുപ്പ് കമ്മിഷണറായ ബിജു കൊട്ടാരക്കരയ്ക്ക് മുന്നിലായിരുന്നു നാമനിർദേശം നൽകിയത്. വടക്കേ അമേരിക്കയിലെ ഭൂരിഭാഗം അംഗസംഘടനകളുടെയും ശക്തമായ പിന്തുണ ഫിലിപ്പോസ് ഫിലിപ്പിനുണ്ടെന്നും, സംഘടനയെ മുന്നോട്ടു നയിക്കാൻ ഏറ്റവും അനുയോജ്യനായ നേതാവായി അദ്ദേഹത്തെ മലയാളി സമൂഹം കാണുന്നുവെന്നും ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

മൂന്നു പതിറ്റാണ്ടിലേറെയായി ഫൊക്കാനയുടെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങളുമായി സജീവമായി ബന്ധപ്പെട്ടിട്ടുള്ള ഫിലിപ്പോസ് ഫിലിപ്പ് മുൻ ജനറൽ സെക്രട്ടറിയും വിവിധ ദേശീയ കമ്മിറ്റികളുടെ ഭാരവാഹിയുമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ, യുവജന ശാക്തീകരണം, ലഹരിവിരുദ്ധ ബോധവൽക്കരണം, പ്രവാസി മലയാളികളുടെ അവകാശ സംരക്ഷണം തുടങ്ങിയ മേഖലകളിൽ വ്യക്തമായ പ്രവർത്തനപാരമ്പര്യമുള്ള നേതാവെന്ന നിലയിലാണ് അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത്. ഫൊക്കാനയെ ചടങ്ങുകളുടെയും ആഘോഷങ്ങളുടെയും വേദി എന്നതിൽ നിന്ന് ജനോപകാര പ്രവർത്തനങ്ങളുടെ ശക്തമായ ഇടമായി മാറ്റുകയെന്നതാണ് തന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രവാസി മലയാളികൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ, കേരളത്തിൽ വിപുലമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, യുവജനങ്ങൾക്ക് നേതൃത്വ രാഷ്ട്രീയ അവബോധ പരിശീലനങ്ങൾ, ഇമിഗ്രേഷൻ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ വിദഗ്ധ സമിതികൾ എന്നിവ നടപ്പാക്കുമെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. ഫൊക്കാനയുടെ 16 റീജിയനുകളിലാകെ മികച്ച പിന്തുണ ലഭിക്കുന്നുണ്ടെന്നും, അംഗസംഘടനകളുടെ വിശ്വാസവും പിന്തുണയും തനിക്ക് ആത്മവിശ്വാസം നൽകുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. സംഘടനയുടെ നിഷ്പക്ഷതയും ജനകീയതയും കൂടുതൽ ശക്തിപ്പെടുത്തി ഫൊക്കാനയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാനാകുമെന്ന പ്രതീക്ഷയും അദ്ദേഹം പ്രകടിപ്പിച്ചു.

## മാഗ് മലയാളം ക്ലാസ് പ്രവേശനോത്സവവും പരിസ്ഥിതി ദിനാചരണവും നടത്തി



**- ജിൻസ് മാത്യു**

ഹൂസ്റ്റൺ: കേരള സംസ്ഥാന തലത്തിലുള്ള സ്കൂൾ പ്രവേശനോൽസവത്തിന് സമാനമായി നോർത്ത് അമേരിക്കയിൽ മലയാളി ബാഹുല്യമുള്ള ഹൂസ്റ്റണിൽ പുതുമയുള്ള അനുഭവം പകർന്ന് കൊണ്ട് മലയാളം ക്ലാസ് പ്രവേശനോൽസവം ആഘോഷ പൂർവ്വമായി നടത്തപ്പെട്ടു.

കേരള സർക്കാറിന്റെ മലയാളം മിഷന്റെ പദ്ധതിയുമായി രജിസ്ട്രർ ചെയ്ത് കൊണ്ട് ഹൂസ്റ്റണിൽ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ധമാഗ്പന്റെ ആഭിമുഖ്യത്തിലാണ് എല്ലാ ആഴ്ച്ചയിലും രണ്ട് ദിവസം വീതം മലയാളം പഠിതാക്കൾക്കായി സൗജന്യമായി ക്ലാസുകൾ നടത്തുന്നത്.


പ്രവാസി മലയാളികൾക്ക് പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ കുടിയേറിയിരിക്കുന്ന മലയാളി സമൂഹത്തിന് കേരള മിഷന്റെ മലയാളം പാഠ്യപദ്ധതി ഏറെ ഉപകരിക്കുമെന്നും വിശിഷ്യാ മാഗിന് നോർത്ത് അമേരിക്കയിലും മെക്സിക്കോയിലും മലയാളം ക്ലാസുകൾ ഊർജ്ജസ്വലമാക്കുവാൻ കഴിയുമെന്നും മലയാളം മിഷൻ കേന്ദ്ര ഡയറക്ടർ മുരുകൻ കാട്ടാക്കട പ്രവേശനോൽസവം ഉദ്ഘാടനം ചെയ്ത് കൊണ്ട് ആശംസിച്ചു.

മാഗ് പ്രസിഡന്റ് റോയി മാത്യു അധ്യക്ഷത വഹിച്ചു. സ്റ്റാഫോർഡ് സിറ്റിമേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ കെ.പട്ടേൽ, ട്രസ്റ്റി ബോർഡ് മെമ്പറുമാരായ ക്ലാരമ്മ മാത്യു, എസ്.കെ ചെറിയാൻ, ജോസ് കെ.ജോൺ, മാഗ് മുൻ പ്രസിഡന്റുമാരും ഭാരവാഹികളുമായ തോമസ് ചെറുകര, പൊന്നു പിള്ള, ജയിംസ് ജോസഫ്, തോമസ് ഒലിയംകുന്നിൽ, മാത്യു മത്തായി എന്നിവരും മലയാളം മിഷൻ ഹൂസ്റ്റൺ കോ ഓർഡിനേറ്റർ അജി ഹുസൈൻ കോട്ടയിൽ, ചെയർമാൻ ഏബ്രഹാം ഈപ്പൻ, പ്രധാന അധ്യാപിക ഷീബാ റോയി എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി വിനോദ് ചെറിയാൻ സ്വാഗതവും ബോർഡ് മെമ്പർ ജിൻസ് മാത്യു കൃതജ്ഞതയും പറഞ്ഞു.

7 July- **Global Forgiveness Day**

Global Forgiveness Day on July 7, also known as International Forgiveness Day, is a relatively new observance dedicated to promoting forgiveness and reconciliation on a global scale. The exact origin and history of Global Forgiveness Day are not well-documented, but forgiveness as a concept has deep roots in various cultures and religions.

# ഫൊക്കാന സാഹിത്യവേദിയിൽ അടൂർ ഗോപാലകൃഷ്ണൻ ഉൾപ്പെടെ പ്രമുഖ സാഹിത്യ സാംസ്കാരിക പ്രതിഭകൾ




**– കോരസൺ വർഗീസ്**

പെൻസിൽവാനിയയിലെ കലഹാരി റിസോർട്ടിൽ ആഗസ്റ്റ് 6 മുതൽ 8 വരെ നടക്കുന്ന ഫൊക്കാന അന്തർദേശീയ കൺവെൻഷനിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അർഹമായ പ്രാധാന്യം നൽകി വിപുലമായ സാഹിത്യ സമ്മേളനം സംഘടിപ്പിക്കുന്നു. മലയാളികളുടെ ലോകത്തിലെ ഏറ്റവും പഴക്കമേറിയതും സമഗ്രവുമായ സാമൂഹിക സാംസ്കാരിക സംഘടനകളിലൊന്നായ ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ സാഹിത്യത്തിനും ഭാഷയ്ക്കും ലഭിക്കുന്ന പ്രാധാന്യത്തിന്റെ തുടർച്ചയായാണ് ഈ സമ്മേളനം.

നോർത്ത് അമേരിക്കയിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ശ്രദ്ധേയമായ ഇടം സൃഷ്ടിക്കുന്നതിൽ ഫൊക്കാന വർഷങ്ങളായി സ്ഥിരതയാർന്ന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇത്തവണത്തെ കൺവൻഷനിൽ നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ ഒരുമിപ്പിക്കുന്ന ഏറ്റവും വലിയ സാഹിത്യവേദികളിലൊന്നായി ഈ സമ്മേളനം മാറുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കൺവെൻഷന്റെ പ്രധാന വേദികളിലൊന്നിൽ തന്നെയായിരിക്കും സാഹിത്യസമ്മേളനം അരങ്ങേറുക.

കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാരും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന എഴുത്തുകാരും സമ്മേളനത്തിൽ പങ്കെടുക്കും. ഇന്ത്യൻ ചലച്ചിത്രരംഗത്തെ പ്രതിഭയും ജ്ഞാനപീഠ ജേതാവും സംവിധായകനും എഴുത്തുകാരനുമായ അടൂർ ഗോപാലകൃഷ്ണൻ, സമകാലിക മലയാള സാഹിത്യത്തിലെ ശക്തമായ ശബ്ദവും ഫ്രാൻസിസ് ഇട്ടിക്കോര ഉൾപ്പെടെയുള്ള ശ്രദ്ധേയ കൃതികളുടെ രചയിതാവുമായ ടി.ഡി. രാമകൃഷ്ണൻ, സാഹിത്യ അക്കാദമി അവാർഡ് ജേതാവും പ്രശസ്ത നോവലിസ്റ്റും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ കെ.വി. മോഹൻകുമാർ, പ്രമുഖ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജോസ് പനച്ചിപ്പുറം, ശ്രദ്ധേയ നോവലിസ്റ്റും സാഹിത്യകാരനുമായ പി.പി. ജെയിംസ്, നാടക സാഹിത്യകാരിയും ഗവേഷകയുമായ ഡോ. പ്രമീളാദേവി തുടങ്ങിയ നിരവധി പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കും.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പ്രസിദ്ധീകരിച്ച മികച്ച കൃതികൾ വിലയിരുത്തി പ്രത്യേക അവാർഡുകൾ സമ്മാനിക്കും. കൂടാതെ നോർത്ത് അമേരിക്കൻ മലയാള സാഹിത്യ രംഗത്തിന് സമഗ്ര സംഭാവനകൾ നൽകിയ എഴുത്തുകാർക്ക് പ്രത്യേക അംഗീകാരങ്ങളും നൽകും.

സമ്മേളനത്തോടനുബന്ധിച്ച് ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ട മലയാള പുസ്തകങ്ങളുടെ വിപുലമായ പ്രദർശനം ഒരുക്കുന്നുണ്ട്. പുസ്തക പ്രകാശനങ്ങൾ, പുസ്തക ചർച്ചകൾ, എഴുത്തുകാരുമായുള്ള സംവാദങ്ങൾ, സമകാലിക സാഹിത്യത്തിലെ പുതിയ പ്രവണതകളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടക്കും.

സാഹിത്യസമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി കോരസൺ വർഗീസ് (ചെയർമാൻ), കെ.കെ.ജോൺസൻ (കോചെയർമാൻ), മുരളി ജെ.നായർ (കോ ചെയർമാൻ), ഗീത ജോർജ് (കോർഡിനേറ്റർ), ബെന്നി നെച്ചൂർ,

# ഫൊക്കാന പ്രസിഡന്റായി ലീല മാരേട്ട് ഔദ്യോഗിക സ്ഥാനാർഥി



ന്യൂയോർക്ക്: 2026-2028 കാലയളവിലേക്കുള്ള ഫൊക്കാന പ്രസിഡന്റായി ലീല മാരേട്ടിന്റെ സ്ഥാനാർഥിത്വ നാമനിർദ്ദേശം ന്യൂയോർക്കിലെ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക് ഔദ്യോഗികമായി സമർപ്പിച്ചു. സംഘടനയുടെ പ്രസിഡന്റ് ഹേമ ചന്ദ്രൻ പെരിയാൽ, സെക്രട്ടറി മാത്യു കുട്ടി ഈശോ, ട്രഷറർ വിനോദ് കെയാർക്കെ എന്നിവർ ചേർന്നാണ് നാമനിർദ്ദേശ നടപടികൾ പൂർത്തിയാക്കിയത്.

ഫൊക്കാനയുടെ ചരിത്രത്തിൽ രണ്ട് പതിറ്റാണ്ടിലേറെ നീണ്ട സജീവ പ്രവർത്തന പരിചയമുള്ള ലീല മാരേട്ട്, സംഘടനയുടെ വിവിധ ഘട്ടങ്ങളിലെ വളർച്ചക്കും പ്രവർത്തനങ്ങൾക്കും സാക്ഷിയും പങ്കാളിയുമാണ്. കഴിഞ്ഞ 22 വർഷങ്ങളായി സംഘടനാ രംഗത്ത് അവർ കാഴ്ചവച്ച അർപ്പണബോധവും സ്ഥിരതയും, അവരെ ഇന്ന് ശ്രദ്ധേയമായ നേതൃമുഖങ്ങളിലൊന്നാക്കി മാറ്റിയിരിക്കുകയാണ്.

തോൽവികളെ അവസാനമായി കാണാതെ, അനുഭവങ്ങളായി സ്വീകരിച്ച് മുന്നേറുന്ന അവരുടെ സമീപനം നിരവധി പ്രവർത്തകർക്ക് പ്രചോദനമായിട്ടുണ്ട്.

നിലവിലെ പ്രസിഡന്റ് ഡോ.സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ രൂപപ്പെട്ട ശക്തമായ മുന്നേറ്റങ്ങളും സംഘടനാ ഊർജ്ജവും തുടർന്നു കൊണ്ടുപോകാൻ കഴിയുന്ന നേതൃപരിചയവും ടീം ശക്തിയും ലീല മാരെറ്റിനുണ്ടെന്നാണ് അനുയായികളുടെ വിലയിരുത്തൽ. വ്യക്തതയും വിശ്വാസ്യതയും സംഘടനാ പരിചയവും കൈമുതലായ ഒരു സംഘത്തോടൊപ്പമാണ് അവർ ഈ തെരഞ്ഞെടുപ്പിനെ നേരിടുന്നത്.

ജീവിതത്തിന്റെ തുടക്കകാലത്ത് കേരള രാഷ്ട്രീയത്തിലെ അതികായനായിരുന്ന കെ. കരുണാകരന്റെ നേതൃശൈലിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ലീല മാരേട്ട്, സംഘടനാ രംഗത്തും അതേ ശൈലിയിലുള്ള പ്രവർത്തനമികവും മനുഷ്യബന്ധങ്ങളും വളർത്തിയെടുത്തുവെന്നാണ് സഹപ്രവർത്തകർ പറയുന്നത്. പുതുതലമുറ നേതാക്കളെ വളർത്തിയെടുക്കുന്നതിലും സമൂഹസേവന പ്രവർത്തനങ്ങളിൽ ആളുകളെ കൈപിടിച്ചുയർത്തുന്നതിലും അവർ വഹിച്ച പങ്കും ശ്രദ്ധേയമാണ്.

സ്ഥാനാർഥിത്വ പ്രഖ്യാപനത്തോടനുബന്ധിച്ച് ലീല മാരെറ്റ് പങ്കുവെച്ച സന്ദേശം ശ്രദ്ധേയമായി. താൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ, ഫൊക്കാന വടക്കേ അമേരിക്കയിലെ ഓരോ മലയാളിയെയും ഒരു സംഘടനയുടെ അംഗമായി മാത്രമല്ല, സ്വന്തം കുടുംബാംഗമായി കാണുമെന്നും, അമ്മയുടെ സ്നേഹത്തിന് സമാനമായ കരുതലോടെയും വിവേചനമില്ലാതെയും പക്ഷപാതമില്ലാതെയും ഓരോരുത്തരിലേക്കും സംഘടന എത്തിച്ചേരുമെന്നും അവർ ഉറപ്പുനൽകി.

# ട്രാവലിംങ്ങ് ചാലീസ് തുടക്കം കുറിച്ച് ഡാളസ് ക്രിസ്തുരാജ ഇടവക



ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിൽ ദൈവവിളി പ്രാർത്ഥനാ നിയോഗത്തോടെ ട്രാവലിംങ്ങ് ചാലീസ് പദ്ധതിക്ക് തുടക്കമായി. വി. കുർബാനയ്ക്കായി ഉപയോഗിക്കുന്ന കാസയും പീലാസയും ഒരു കിറ്റാക്കി ഓരോ ആഴ്ചയും പ്രാർത്ഥനയോടെ ഭവനങ്ങളിലേക്ക് കൊടുത്തു വിടുന്നു.

തങ്ങളുടെ വീടിന്റെ പ്രാർത്ഥനാ മുറിയിൽ പ്രത്യേകമായി പ്രതിഷ്ഠിച്ച് ആ ഒരാഴ്ചക്കാലം ദൈവവിളിക്കായ് പ്രാർത്ഥിക്കുന്നു. ഫാ.കെവിൻ മുണ്ടയ്ക്കൽ ജേക്കബ്, മേരിക്കുട്ടി കൂപ്ളിക്കാട്ട് കുടുംബത്തിന് നൽകിക്കൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു.

9 July- **Nunavut Day**

Nunavut Day is a celebration of the creation of the Canadian territory of Nunavut. The day honours the rich culture, heritage, and contributions of the Inuit people who call Nunavut home. Nunavut Day also serves as a reminder of the ongoing efforts to preserve and protect the Inuit way of life and to foster understanding and respect for Indigenous cultures in Canada.

# ഗ്രീൻ കാർഡ് അപേക്ഷകൾ വീണ്ടും പരിഗണിക്കാൻ യു.എസ് കോടതി

**- പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി സി: യാത്രാവിലക്കിന്റെ ഭാഗമായി മാസങ്ങളായി നിർത്തിവെച്ചിരുന്ന പതിനായിരക്കണക്കിന് ഗ്രീൻ കാർഡ്, അഭയ അപേക്ഷകൾ വീണ്ടും പരിഗണിക്കാൻ യു.എസ് ഭരണകൂടം തയാറെടുക്കുന്നു. ചില രാജ്യങ്ങളിൽ നിന്നുള്ള അപേക്ഷകൾ മരവിപ്പിച്ച യു.എസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസിന്റെ നടപടി നിയമവിരുദ്ധമാണെന്ന് ഫെഡറൽ ജഡ്ജി ജോൺ മക്കോണൽ ഉത്തരവിട്ടു.

കോടതി വിധിയോട് വിയോജിപ്പുണ്ടെങ്കിലും ഉത്തരവ് ഉടനടി നടപ്പാക്കുമെന്ന് ഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിവിധ രാജ്യങ്ങളിൽ നിന്നുള്ള അപേക്ഷകൾ അനിശ്ചിതകാലത്തേക്ക് മരവിപ്പിച്ചത് അപേക്ഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയിരുന്നു.

# കോംഗോയിൽ എബോള പടരുന്നു: മരണം 181 ആയി

**- പി പി ചെറിയാൻ**

കിൻഷാസ: ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ എബോള ബാധിച്ച് മരിച്ചവരുടെ എണ്ണം 181 ആയി ഉയർന്നതായി ആരോഗ്യമന്ത്രാലയം അറിയിച്ചു. നിലവിൽ 782 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ രോഗബാധ ഇതിലും കൂടുതലായിരിക്കാമെന്നാണ് വിലയിരുത്തൽ. മേയ് 15നാണ് രോഗം സ്ഥിരീകരിച്ചതെങ്കിലും ആഴ്ചകൾക്ക് മുൻപ് തന്നെ ഇത് പടർന്നുതുടങ്ങിയിരുന്നു. നിലവിൽ കോൺടാക്റ്റ് ട്രേസിങ് (സമ്പർക്കപ്പട്ടിക തയ്യാറാക്കൽ) 56 ശതമാനം മാത്രമാണ്.

മുൻപുണ്ടായ എബോള ബാധകളിൽ നിന്ന് വ്യത്യസ്തമായി, ബുന്ദിബുഗ്യോ എന്ന അപൂർവ വൈറസാണ് ഇത്തവണ രോഗമുണ്ടാക്കുന്നത്. ഇതിന് അംഗീകൃത വാക്സിനുകളോ പ്രത്യേക ചികിത്സയോ ലഭ്യമല്ല. കിഴക്കൻ പ്രവിശ്യയായ ഇറ്റൂരിയിലാണ് 90 ശതമാനം കേസുകളും. അയൽരാജ്യമായ ഉഗാണ്ടയിലേക്കും രോഗം പടർന്നിട്ടുണ്ട്.

പ്രദേശത്തെ ആഭ്യന്തര സംഘർഷങ്ങൾ കാരണം ലക്ഷക്കണക്കിന് ആളുകൾ പലായനം ചെയ്യുന്നതും, ഖനിത്തൊഴിലാളികളുടെ നിരന്തരമായ യാത്രകളും, ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങളും പ്രതിരോധ പ്രവർത്തനങ്ങളെയും സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതിനെയും സങ്കീർണ്ണമാക്കുന്നു. നിലവിൽ 23 ശതമാനമാണ് മരണനിരക്ക്. 56 പേർ രോഗമുക്തി നേടിയിട്ടുണ്ട്.

10 July- **Global Energy Independence Day**

Global Energy Independence Day is observed on July 10 all over the world annually. It serves as a reminder to governments, organizations, and individuals about the importance of reducing reliance on non-renewable resources and transitioning towards cleaner and more resilient energy systems.

11 July - **World Population Day**

World Population Day is observed annually on 11 July to focus attention on the urgency and importance of population issues.

# ഫൊക്കാന സാഹിത്യവേദിയിൽ അടൂർ ഗോപാലകൃഷ്ണൻ ഉൾപ്പെടെ പ്രമുഖ സാഹിത്യ സാംസ്കാരിക പ്രതിഭകൾ

അബ്ദുൾ പുന്നയൂർക്കുളം, വേണുഗോപാലൻ കൊക്കോടൻ, അഭിലാഷ് തുണ്ടുമണ്ണിൽ, സന്തോഷ് പാല എന്നിവർ ഉൾപ്പെട്ട സംഘാടകസമിതിയെ ഫൊക്കാന നേതൃത്വം നിയോഗിച്ചു.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാ വിവരണം, ലേഖനം, ഓർമ്മക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പുറത്തിറങ്ങിയ കൃതികൾ വിലയിരുത്തി അവാർഡുകൾ നൽകും. നോർത്ത് അമേരിക്കൻ എഴുത്തുകാരുടെ സമഗ്ര സാഹിത്യ സംഭാവനകൾ പരിഗണിച്ചും പ്രത്യേക പുരസ്കാരങ്ങളും നൽകപ്പെടും. കോരസൺ വർഗീസ് (ചെയർമാൻ), കെ. കെ. ജോൺസൻ (കോചെയർമാൻ), സന്തോഷ് പാലാ എന്നിവരുടെ നേതൃത്വത്തിൽ ഉള്ള എഴുത്തുകാരുടെ സമിതി ആയിരിക്കും അവാർഡിനർഹരായവരെ തീരുമാനിക്കുക.

പുസ്തകത്തിന്റെ രണ്ട് കോപ്പികൾ 2026 ജൂലായ് അഞ്ചിനു മുൻപ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

മലയാള ഭാഷയെയും സാഹിത്യത്തെയും ആഗോള മലയാളി സമൂഹവുമായി കൂടുതൽ ശക്തമായി ബന്ധിപ്പിക്കുന്ന ഒരു ചരിത്രപരമായ വേദിയായി ഫൊക്കാന 2026 സാഹിത്യസമ്മേളനം മാറുമെന്ന് സംഘാടകർ അറിയിച്ചു.

# വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ആത്മീയത തുളുമ്പുന്ന വിശുദ്ധ കുർബാന; യൂറോപ്പ് യുകെ കൺവെൻഷന് തുടക്കമായി



**- ഡോ.ജോർജ് എം.കാക്കനാട്**

സീറോ മലങ്കര കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ യൂറോപ്പ് യുകെ കൺവെൻഷന് വത്തിക്കാൻ സിറ്റിയിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ തുടക്കമായി.

സീറോ മലങ്കര കത്തോലിക്കാ സഭയുടെ തലവൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മലങ്കര കത്തോലിക്കാ സഭയിലെ മെത്രാന്മാരും വൈദികരും സന്യസ്തരും അൽമായരും വിശുദ്ധ കുർബാനയിൽ സഹകാർമ്മികരാവുകയും പങ്കുചേരുകയും ചെയ്തു.

ആഗോള കത്തോലിക്കാ സഭയുടെ ഹൃദയഭാഗത്ത് നടന്ന ഈ ദിവ്യബലി അർപ്പണം, സീറോമലങ്കര സഭയുടെ ആഴമേറിയ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും മിഷനറി ചൈതന്യത്തിന്റെയും ഉദാത്തമായ സാക്ഷ്യമായി മാറി. സഭയുടെ സമ്പന്നമായ ആത്മീയ പൈതൃകവും യൂറോപ്പിലും യുകെയിലുമുള്ള അതിന്റെ ഊർജ്ജസ്വലവും വളർന്നുകൊണ്ടിരിക്കുന്നതുമായ സാന്നിധ്യവും ഈ സന്ദർഭം വ്യക്തമാക്കി.

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തുടക്കം കുറിച്ച പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദി വർഷത്തിലേക്ക് സഭ പ്രവേശിക്കാൻ ഒരുങ്ങുന്ന ഈ വേളയിൽ, വിശുദ്ധ പത്രോസിന്റെ കല്ലറയ്ക്കൽ ഒത്തുചേരുന്നതും പത്രോസിന്റെ പിൻഗാമിയുമായുള്ള പൂർണ്ണ കൂട്ടായ്മയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതും ആത്മീയമായി ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് കർദ്ദിനാൾ ക്ലീമീസ് ബാവ തന്റെ വചനസന്ദേശത്തിൽ ഓർമ്മിപ്പിച്ചു. സീറോമലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്ര നിമിഷമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

ദൈവം സഭയ്ക്ക് മേൽ ചൊരിഞ്ഞ സമൃദ്ധമായ കരുണയ്ക്ക് ഹൃദയപൂർവ്വം നന്ദി അർപ്പിക്കാൻ വിശ്വാസികളെ ആഹ്വാനം ചെയ്ത കർദ്ദിനാൾ, ദൈവം നട്ടു നനച്ച മുന്തിരിച്ചെടിയെക്കുറിച്ച് പ്രതിപാദിക്കുന്ന സങ്കീർത്തനം 80നെക്കുറിച്ച് ധ്യാനിച്ചു. ഒരു മുന്തിരിച്ചെടി അതിന്റെ ഉറവിടവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ മാത്രമേ അത് ഫലം പുറപ്പെടുവിക്കുകയുള്ളൂ എന്ന് അദ്ദേഹം സഭാംഗങ്ങളെ ഓർമ്മിപ്പിച്ചു. അതുപോലെ, സഭാ മക്കൾക്ക് ആത്മീയമായി അഭിവൃദ്ധി പ്രാപിക്കാൻ കഴിയുന്നത് അവർ ക്രിസ്തുവിനോട് ചേർന്നു നിൽക്കുമ്പോൾ മാത്രമാണ്.

വിശുദ്ധ പത്രോസിന്റെ ബലിപീഠത്തിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ ലഭിച്ച പദവിയെ ദൈവപരിപാലനയുടെ ദൃശ്യമായ അടയാളമെന്നും ആഗോള സഭയുമായുള്ള നമ്മുടെ കൂട്ടായ്മയുടെ ഓർമ്മപ്പെടുത്തലെന്നും കർദ്ദിനാൾ ക്ലീമീസ് വിശേഷിപ്പിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാക്കന്മാർ തങ്ങളുടെ ആത്മീയ മക്കളുടെ ഈ അനുഗ്രഹീത സംഗമം സ്വർഗ്ഗത്തിലിരുന്ന് കണ്ട് തീർച്ചയായും സന്തോഷിക്കുന്നുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോകത്തിലെ ഏറ്റവും വലിയ ദേവാലയത്തിൽ നിന്നുകൊണ്ട് സ്തുതിയുടെയും നന്ദിയുടെയും വിശുദ്ധ കുർബാന അർപ്പിച്ചപ്പോൾ, യൂറോപ്പ് യുകെ കൺവെൻഷൻ 2026 ആരംഭിക്കുന്ന ഈ വേളയിൽ, ഈ കൃപനിറഞ്ഞ നിമിഷത്തിന് സഭ ദൈവത്തിന് നന്ദി പറയുകയും, ഇത് വിശ്വാസത്തിന്റെ ബന്ധങ്ങളെ ശക്തിപ്പെടുത്താനും, സഭാപരമായ കൂട്ടായ്മ ആഴപ്പെടുത്താനും, ലോകത്തിൽ ക്രിസ്തുവിന് സന്തോഷത്തോടെ സാക്ഷ്യം വഹിക്കാൻ എല്ലാ പങ്കാളികളെയും പ്രചോദിപ്പിക്കാനും ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ടെക്സസിൽ സംഗീത മഹോത്സവം; ബിജു നാരായണനും പിആർഡിജിഎല്ലും ഒരേ വേദിയിൽ




**- പ്രസാദ് തീയാടിക്കൽ**

ഡാളസ്: അമേരിക്കൻ മലയാളി സമൂഹത്തിന് സംഗീതത്തിന്റെ വേറിട്ട അനുഭവം സമ്മാനിച്ച് പ്രമുഖ ഗായകരെ അണിനിരത്തുന്ന ഇരട്ട സംഗീത പരിപാടികൾ ടെക്സസിൽ സംഘടിപ്പിക്കുന്നു. മലയാളികളുടെ പ്രിയ പിന്നണി ഗായകൻ ബിജു നാരായണനും അന്താരാഷ്ട്ര ശ്രദ്ധ നേടിയ കാത്തലിക് റാപ്പ് റും പിആർഡിജിഎല്ലും പങ്കെടുക്കുന്ന പരിപാടികൾ ജൂലൈ 4, 5 തീയതികളിലായി നടക്കും.

ജൂലൈ 4ന് വൈകിട്ട് 7.45ന് സെന്റ് തോമസ് ജൂബിലി ഹാളിൽ നടക്കുന്ന മെഗാ ഗാനമേളയിൽ ഗായകൻ ബിജു നാരായണൻ സംഘത്തോടൊപ്പം വേദിയിലെത്തും. ടെക്സസ് ബീറ്റ്സ് ലൈവ് ഓർക്കസ്ട്രയുടെ സംഗീത അകമ്പടിയോടെ വിവിധ ഗായകരും പരിപാടിയിൽ പങ്കുചേരും.

തുടർന്ന് ജൂലൈ 5ന് രാത്രി 8 മണിക്ക് അന്താരാഷ്ട്ര കാത്തലിക് റാപ്പ് സംഗീതരംഗത്തെ ശ്രദ്ധേയ സാന്നിധ്യമായ പിആർഡിജിഎല്ലും നയിക്കുന്ന മ്യൂസിക്കൽ നൈറ്റ് അരങ്ങേറും. യുവജനങ്ങളെ ആകർഷിക്കുന്ന റാപ്പ് സംഗീതവും പ്രത്യേക സംഗീതാവിഷ്കാരങ്ങളുമായാണ് പരിപാടി ഒരുക്കിയിരിക്കുന്നത്.

വ്യത്യസ്ത സംഗീത ശൈലികൾ ഒരേ വേദിയിൽ അവതരിപ്പിക്കുന്ന ഈ രണ്ട് ദിവസത്തെ സംഗീതോത്സവം അമേരിക്കൻ മലയാളികൾക്ക് ശ്രദ്ധേയമായ കലാവിരുന്നാകുമെന്ന് സംഘാടകർ അറിയിച്ചു. സംഗീതാസ്വാദകരെ പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.